©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008)യുടെ പതിനൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008)യുടെ പതിനൊന്നാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

1354/2021.

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ | .. | 52 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ.വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലൈ മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10.

## റിപ്പോർട്ട്

### അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനൊന്നാമത് റിപ്പോർട്ട് 2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 39 നിഗമനങ്ങൾ/ശിപാർശകൾ ആണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ/സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നു ലഭിച്ച മറുപടി 31-12-2008, 10-6-2009, 8-12-2009, 9-2-2010, 17-8-2010, 4-12-2013, 14-12-2016, 15-11-2017, 30-5-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും 18-12-2013, 4-1-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ തെളിവെടുപ്പ് നടത്തുകയും മറുപടി തൃപ്തികരമല്ലാത്ത ശിപാർശ ഖണ്ഡികകളിന്മേൽ അധികവിവരങ്ങൾ ആരായുകയും തുടർശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച സൂക്ഷ്മപരിശോധനാക്കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാർ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

### അദ്ധ്യായം II

## സമിതിയുടെ ശിപാർശയും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർശിപാർശയും

### ഖണ്ഡിക നമ്പർ 17

#### ശിപാർശ

2.1.1 ലക്ഷക്കണക്കിന് രൂപ മുതൽമുടക്കി പൂർത്തിയാക്കിയിട്ടുള്ള ഈ പദ്ധതികൾ ജനങ്ങൾക്ക് യാതൊരുവിധ പ്രയോജനവും നൽകാതെ പ്രവർത്തനരഹിതമായി കിടക്കുന്നത് വളരെ ഗൗരവമായി കാണേണ്ട സംഗതിയാണ്. ആയതിനാൽ ഓഡിറ്റിൽ

പരാമർശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്ത എല്ലാ പദ്ധതികളും ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.1.2 ഓഡിറ്റിൽ പരാമർശിച്ച മറ്റ് കുടിവെള്ള പദ്ധതി സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

## 1. മൊടാലത്ത് കുന്ന് ശുദ്ധജല പദ്ധതി

മൊടാലത്ത് കുന്ന് ശുദ്ധജല പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനമാണ് 1997-98-ൽ നടന്നത്. തുടർന്നുള്ള വർഷത്തിൽ ഘട്ടംഘട്ടമായാണ് പ്രവർത്തനങ്ങൾ നടന്നത്. 90 പേർ പദ്ധതി ഗുണഭോക്താക്കളാണ്. ഗുണഭോക്തൃ കമ്മിറ്റിയാണ് പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്. ശ്രീ. രവി ടി.എം., തൊട്ടുവയിൽ മീത്തൽ കൺവീനറാണ്. പദ്ധതി ഇപ്പോഴും വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇഷ്ടിക കൊണ്ട് നിർമ്മിച്ച നിലവിലുള്ള ടാങ്കിന് ചോർച്ചയുള്ളതിനാൽ 2007-08 വാർഷിക പദ്ധതിയിൽ ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് പുതിയ ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. പദ്ധതി തൃപ്തികരമായി നടക്കുന്നുണ്ട്.

## 2. കുറ്റിയേരിപ്പറ്റ ശുദ്ധജല പദ്ധതി

വളരെ നല്ല നിലയിൽ ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണിത്. ഗ്രാമപഞ്ചായത്ത് 8-ാം വാർഡിലെ കുറ്റിയേരിപ്പറ്റ ശുദ്ധജല പദ്ധതിയുടെ കൺവീനർ രാരിച്ചക്കുട്ടി കല്ലാട്ട് മീത്തൽ ആണ്. 60 കുടുംബങ്ങൾ പദ്ധതി ഗുണഭോക്താക്കളാണ്. 2005-06 പദ്ധതിക്കായുള്ള നിലവിലെ കിണറിൽ ആവശ്യത്തിന് കുടിവെള്ളം ലഭിക്കാത്തതിനാൽ പുതുതായി ഒരു കിണർ വാർഷിക പദ്ധതിയിൽ നിർമ്മിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം തൃപ്തികരമാണ്.

## 3. കക്കാട്മല കോളനി ശുദ്ധജല വിതരണ പദ്ധതി

പദ്ധതിയുടെ കറന്റ് ചാർജ്ജ് കുടിശ്ശിക വരുത്തിയതിനാൽ 6/05 മുതൽ പദ്ധതിയുടെ പ്രവർത്തനം നിലച്ചിരിക്കുകയായിരുന്നു. 12/07-ന് കുടിശ്ശിക കറന്റ് ചാർജ്ജ് ഗ്രാമപഞ്ചായത്ത് അടച്ചിട്ടുണ്ട്. ഇപ്പോൾ പദ്ധതി ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്തിട്ടുണ്ട്.

## 4. തിരുത്തോത്ത് മീത്തൽ കോളനി ശുദ്ധജല പദ്ധതി

ഗ്രാമപഞ്ചായത്തിലെ നിലവിലെ 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന തിരുത്തോത്ത് മീത്തൽ കോളനി കുടിവെള്ള പദ്ധതി തൊട്ടടുത്ത പ്രദേശമായ എളങ്ങോട്ടുമല കോളനി

കുടിവെള്ള പദ്ധതിയുടെ ഒരു ഭാഗമാണ്. എന്നാൽ രണ്ട് കോളനിക്കും ആവശ്യമായ കുടിവെള്ളം ലഭിക്കാത്തതിനാൽ 2005 മുതൽ പദ്ധതി മുടങ്ങിയിരിക്കുകയാണ്. ആയത് വിശദമായി പരിശോധിച്ച ഭരണസമിതി 2 കോളനികൾക്കും ഓരോ പദ്ധതി തയ്യാറാക്കുകയും ആയതിന്റെ അവസാനഘട്ട പ്രവൃത്തി 2008-09 വാർഷിക പദ്ധതിയിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യും.

അൽപ്പം മെയിന്റനൻസുകൂടി പൂർത്തിയായി കഴിഞ്ഞാൽ തിരുത്തോത്ത് മീത്തൽ കുടിവെള്ള പദ്ധതി പുനരാരംഭിക്കുന്നതാണ്. എളങ്ങോട്ട് മല കോളനിക്കുള്ള കിണർ, പമ്പ് ഹൗസ്, ടാങ്ക്, മോട്ടോർ, പൈപ്പ് ലൈൻ പ്രവൃത്തി എന്നിവ പൂർത്തീകരിച്ച് കഴിഞ്ഞു. 2007-08 വാർഷിക പദ്ധതിയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

## 5. കുവിൽമീത്തൽ ശുദ്ധജല പദ്ധതി

ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിലെ കുവിൽമീത്തൽ കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി 6/05 വരെ പ്രവർത്തിച്ചതാണ്. വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയതിനാൽ 6/05 മുതൽ പദ്ധതി നിലച്ചിരിക്കുകയാണ്. കുടിശ്ശിക കറണ്ട് ചാർജ്ജ് അടയ്ക്കാനുള്ള അനുവാദം ഗ്രാമപഞ്ചായത്തിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക അടയ്ക്കുകയും ഗുണഭോക്തൃ കമ്മിറ്റി പദ്ധതി ഏറ്റെടുത്ത് നടത്തുന്നുമുണ്ട്. 35 കുടുംബം പദ്ധതിയുടെ ഗുണഭോക്താക്കളായുണ്ട്.

## 6. കുട്ടോത്ത് ശുദ്ധജല പദ്ധതി

ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കുടിവെള്ള പദ്ധതി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പ്രസ്തുത പദ്ധതിയുടെ കിണറിലെ വെള്ളത്തിൽ ഇരുമ്പിന്റെ അംശം ഉള്ളതിനാൽ കുടിവെള്ളമായി ഉപയോഗിക്കാൻ പാടില്ലെന്നുള്ള ലാബ് റിസൾട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർത്തിവച്ചിരിക്കുകയാണ്. 2007-08 പദ്ധതിയിൽ പുതിയ കിണർ നിർമ്മാണത്തിന് തുക വകയിരുത്തുകയും കിണർ നിർമ്മാണത്തിന് സ്ഥലമെടുക്കുകയും ചെയ്തിട്ടുണ്ട്. 2007-08 വാർഷിക പദ്ധതിയിൽ കിണർ നിർമ്മാണത്തിന് തുക വകയിരുത്തിയെങ്കിലും ശക്തമായ വേനൽ മഴമൂലം പ്രവൃത്തി തടസ്സപ്പെടുകയാണ് ചെയ്തത്. 2008 നവംബർ മുതൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. 2009 ജനുവരിയിൽ പുതിയ കിണർ ഉപയോഗപ്പെടുത്തി ജല വിതരണം പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## 7. നെല്ലിക്കുന്ന് ശുദ്ധജല പദ്ധതി

ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ സ്ഥിതിചെയ്യുന്ന നെല്ലിക്കുന്ന് ശുദ്ധജല പദ്ധതി നന്നായി പ്രവർത്തിക്കുന്നതും 35 ഗുണഭോക്താക്കൾ ഉള്ളതുമാണ്. ബാബു നെല്ലിക്കുന്ന് സെക്രട്ടറിയായുള്ള പരിപാലന കമ്മിറ്റിയാണ് പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്.

## 8. ആറങ്ങാട്ട് മീത്തൽ ജലസേചന പദ്ധതി

ആറങ്ങാട്ട് മീത്തൽ ജലസേചന പദ്ധതി നിലവിൽ പ്രവർത്തിക്കുന്നതും 30 ഗുണഭോക്താക്കൾക്ക് ഗുണപ്രദവുമാണ്. ഗുണഭോക്തൃ കമ്മിറ്റിയാണ് പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.1.3 1. പദ്ധതി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ സ്ഥിതിചെയ്യുന്നു.

2. 8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കുറ്റിയേരിപ്പറ്റ ശുദ്ധജല പദ്ധതി പ്രവർത്തിക്കുന്നുണ്ട്.

3. ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കക്കാട് മല കോളനി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണ്.

4. 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തിരുത്തോത്ത് മീത്തൽ കോളനി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമല്ല.

5. 18-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ക്ലവിൽമീത്തൽ ശുദ്ധജല പദ്ധതി പ്രവർത്തനക്ഷമമല്ല.

6. 14-ാം വാർഡിലെ കുട്ടോത്ത് ശുദ്ധജല പദ്ധതി പ്രവർത്തനക്ഷമമല്ല. പുതിയ കിണർ കുഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശുദ്ധജലം ലഭ്യമാണ്. പമ്പ് ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല.

7. 12-ാം വാർഡിലെ നെല്ലിക്കുന്ന് ശുദ്ധജല പദ്ധതി പ്രവർത്തനക്ഷമമാണ്.

8. 3-ാം വാർഡിലെ പ്രസ്തുത പദ്ധതി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

**8-12-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം**

2.1.4 മൊടാലത്ത്കുന്ന് ശുദ്ധജല പദ്ധതി, കുറ്റിയേരിപ്പറ്റ ശുദ്ധജല പദ്ധതി, കക്കാട് മല കോളനി ശുദ്ധജല പദ്ധതി, നെല്ലിക്കുന്ന് ശുദ്ധജല പദ്ധതി, ആറങ്ങാട് മീത്തൽ ജലസേചന പദ്ധതി എന്നീ പദ്ധതികളെ സംബന്ധിച്ച ശിപാർശകൾക്കുള്ള മറുപടി സമിതി അംഗീകരിച്ചു. തിരുത്തോത്ത് മീത്തൽ കോളനി ശുദ്ധജല പദ്ധതി, ക്ലവിൽ മീത്തൽ ശുദ്ധജല പദ്ധതി, കുട്ടോത്ത് ശുദ്ധജല പദ്ധതി എന്നിവയെ സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി സമിതി ആരാഞ്ഞു.

**8-12-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച പ്രാദേശിക പരിശോധനാ റിപ്പോർട്ട്**

2.1.5 പ്രാദേശിക പരിശോധനയിൽ തിരുത്തോത്ത് മീത്തൽ കോളനി ശുദ്ധജല പദ്ധതി പ്രവർത്തനക്ഷമമല്ലെന്ന് ബോധ്യപ്പെട്ടു. പമ്പ് ഹൗസിന്റെ വൈദ്യുതീകരണ പ്രവൃത്തി പുരോഗമിക്കുന്നു. 2009-10 വർഷം ടി പദ്ധതിയിൽ തുക വകയിരുത്തിയിട്ടില്ല.

കൂവിൽ മീത്തൽ ശുദ്ധജല പദ്ധതി പ്രവർത്തനക്ഷമമല്ല. പമ്പിംഗ് മോട്ടോർ കേട് വന്നിട്ടുണ്ട്. വിതരണ പൈപ്പുകൾ പൊട്ടിത്തകർന്നതായി കാണുന്നു. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനും റിപ്പയറിനും 2009-10 വർഷം 1.22 ലക്ഷം രൂപ പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട് (പ്രോജക്ട് നമ്പർ 105/2010). ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

കുട്ടോത്ത് ശുദ്ധജല പദ്ധതി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതിക്കായി സർവ്വീസ് കണക്ഷന് അപേക്ഷിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. (19-6-2010-ലെ കത്തുപ്രകാരം ലഭ്യമാക്കിയത്).

**സർക്കാർ സ്വീകരിച്ച നടപടി**

2.1.6 1. കുട്ടോത്ത് ശുദ്ധജല പദ്ധതി:- കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണ്. പദ്ധതി പ്രദേശത്തെ 40 കുടുംബങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി കൊണ്ട് സാധിച്ചു.

2. കൂവിൽ മീത്തൽ കുടിവെള്ള പദ്ധതി:- പദ്ധതി പ്രവർത്തനക്ഷമമാണ്. പദ്ധതിയുടെ ഗുണഭോക്താക്കൾ 42 പേരാണ്. പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചു.

3. തിരുത്തോത്ത് മീത്തൽ കുടിവെള്ള പദ്ധതി:- പദ്ധതി പൂർത്തീകരണ സമയത്ത് ശുദ്ധജലം ലഭ്യമാക്കുന്ന കുളത്തിന്റെ വശങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ച് കെട്ടിയ കെട്ട് ഇടിഞ്ഞുപോയതിനാൽ പ്രവൃത്തിയുടെ തുടർ നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് സഹായത്തോടെ 6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2011-12 വർഷം പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ശുദ്ധജലം നൽകുന്നതിന് കഴിയും എന്ന് കരുതുന്നു (15-3-2012-ലെ കത്ത് പ്രകാരം ലഭ്യമാക്കിയത്).

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.1.7 1. പദ്ധതി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 49 ഗുണഭോക്താക്കൾക്ക് ദിവസവും 3/4 മണിക്കൂറിലധികം സമയം വെള്ളം നൽകാനാകുന്നുണ്ട്.

2. പദ്ധതി പ്രവർത്തിക്കുന്നുണ്ടെങ്കിലും ജലദൗർലഭ്യം കാരണം ആഴ്ചയിൽ ഒരിക്കൽ മാത്രമേ ജലം പമ്പ് ചെയ്യാൻ കഴിയുന്നുള്ളൂ.

3. 2010-11-ൽ പ്രൊജക്ട് നമ്പർ എസ്.ഒ. 062/11 പ്രകാരം 7,00,000 രൂപ അടങ്കൽ കണക്കാക്കി (വികസന ഫണ്ട് 1,00,000, ജില്ലാ പഞ്ചായത്ത് ഫണ്ട് 6,00,000) അംഗീകാരം വാങ്ങിയിരുന്നു. തൻവർഷം പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും (1-2-2011-ന്) ടെണ്ടറൊന്നും ലഭിച്ചില്ല. 2011-12-ൽ ഈ പ്രോജക്ട് സ്പിൽഓവറാക്കി നമ്പർ 112/2010 ആയി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ ടെണ്ടർ ചെയ്തിട്ടില്ല.

**തുടർശിപാർശ**

**2.1.8 പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന കുട്ടോത്ത് ശുദ്ധജല പദ്ധതി, കുവിൽ മീത്തൽ കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തനക്ഷമമായതിനാൽ അതിന്മേലുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം തിരുത്തോത്ത് മീത്തൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 54**

ശിപാർശ

2.2.1 ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് സെന്ററിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവൃത്തി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളത്. മാത്രവുമല്ല, എസ്റ്റിമേറ്റ് തുകയുടെ 0.5% നിരക്കിൽ പരമാവധി 2,000 രൂപ മാത്രം ഈ ഇനത്തിൽ പ്രതിഫലം നൽകാൻ പഞ്ചായത്തിന് അധികാരമുള്ളൂ എന്നിരിക്കെ 50,000 രൂപ നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ അധികമായി നൽകിയ തുക അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽനിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.2 അധികമായി നൽകിയ 48,000 രൂപ അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽനിന്നും ഈടാക്കുന്നതിന് 25-10-2007-ന് അംഗങ്ങൾക്ക് നോട്ടീസ് അയയ്ക്കുകയും ആയതിന്മേൽ പഞ്ചായത്ത് അംഗങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ W.P(c) No. 219 Dated 2008 ഫയൽ ചെയ്യുകയും ഒരു മാസത്തെ സ്റ്റേ നേടുകയും ചെയ്തു. തുടർന്ന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തതിൽ മേൽ ഉത്തരവ് ബഹു. ഹൈക്കോടതി റീകോൾ ചെയ്ത് ഉത്തരവായിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.2.3 അധികമായി നൽകിയ തുക അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽനിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകുകയും ആയതിന് പഞ്ചായത്ത് അംഗങ്ങൾ ഹൈക്കോടതിയിൽ W.P(c) No. 219/08 ഫയൽ ചെയ്യുകയും ഒരു മാസത്തെ സ്റ്റേ നേടുകയും ചെയ്തു. തുടർന്ന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തതിന്മേൽ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റീകോൾ ചെയ്ത് ഉത്തരവാകുകയും ചെയ്തത് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

### 8-12-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.2.4 കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് സെന്ററിൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികമായി നൽകിയ തുക അന്നത്തെ ഗ്രാമപഞ്ചായത്ത് അംഗങ്ങളിൽ നിന്നും ഈടാക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച നടപടിക്കെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ, കേസ് ഫയൽ ചെയ്ത പഞ്ചായത്ത് മെമ്പർമാരുടെ വിവരങ്ങൾ, കേസിന്റെ തുടർനടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

### 17-8-2010-ലെ സമിതിയോഗ തീരുമാനം

2.2.5 ശിപാർശ ഖണ്ഡിക 54-മായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ഭരണസമിതി അംഗങ്ങൾ സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി ഈ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ പെൻഡിംഗിൽ വയ്ക്കാൻ തീരുമാനിച്ചു.

### 8-12-2009-ലെ യോഗനിർദ്ദേശപ്രകാരമുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്

2.2.6 അധികമായി നൽകിയ 48,000 രൂപ അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽനിന്ന് ഈടാക്കുന്നതിന് നോട്ടീസ് നൽകുകയും ആയതിനെതിരെ പഞ്ചായത്ത് അംഗങ്ങൾ ഹൈക്കോടതിയിൽ W.P(c) No. 219/08 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം പ്രതിയായും കേരള സർക്കാർ രണ്ടാം പ്രതിയുമായാണ് റിട്ട് ഫയൽ ചെയ്തത്. അന്യായക്കാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. യു.സി. രാമൻ, മുൻ മെമ്പർ, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

2. ഖാലിദ്, കിളിമുണ്ടയ്ക്കൽ ഹൗസ്, പന്തീർപ്പാടം, കുന്ദമംഗലം

3. മരുവാട്ട് മാധവൻ, പൊയ്യ, കുന്ദമംഗലം

4. സി. അബ്ദുൾ ഗഫൂർ, ചേറ്റൂർ, കാരന്തൂർ. പി.ഒ.

5. പി. വിജയലക്ഷ്മി, കൊല്ലത്തടി, പടനിലം. പി.ഒ.

6. എ.പി. സഫിയ, മൊളിസ്ഥാൻ, മുറിയനാൽ, കുന്ദമംഗലം

7. എം. സുജനകുമാരി, മനത്തോട്ടത്തിൽ ഹൗസ്, പിലാശ്ശേരി. പി.ഒ., കുന്ദമംഗലം

8. ഒ. ഉസ്സയിൻ, ഒളോങ്ങൽ ഹൗസ്, പന്തീർപാടം, കുന്ദമംഗലം

9. കെ. രാധ, അരുണോളിച്ചാലിൽ ഹൗസ് , കുന്ദമംഗലം. പി.ഒ.

10. കെ.പി. കോയ, കാരാട് പറമ്പത്ത് ഹൗസ്, പൈങ്ങോട്ടുപുറം, കുന്ദമംഗലം പി.ഒ.

11. ടി.കെ. സീനത്ത്, മുത്താടക്കാട്ട് വീട്, കുന്ദമംഗലം. പി.ഒ.

12. കെ.പി. ചന്ദ്രൻ, കരുമ്പാനക്കൽ, പി.ഒ. പടനിലം, കുന്ദമംഗലം.

13. ഒ.പി. വാസു, ഒറ്റപ്പിലാക്കൽ ഹൗസ്, മിനി. പി.ഒ., കുന്ദമംഗലം

ഒന്നാം പ്രതിയായ സെക്രട്ടറി തുക ഈടാക്കാനുള്ള നോട്ടീസിനെതിരെ സിവിൽ കോടതിയിൽ വ്യവഹാരം ബോധിപ്പിച്ചതിനാൽ പഞ്ചായത്ത് അംഗങ്ങൾക്കും പ്രസ്തുത സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്ന് ബഹു. ഹൈക്കോടതി വിധിച്ചു. റിക്കവറി നടപടികൾ ഒരു മാസത്തേക്ക് നിർത്തിവയ്ക്കാനും ഉത്തരവിട്ടു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ റിവ്യൂ പെറ്റീഷൻ നൽകുകയും ബഹു. ഹൈക്കോടതി ആദ്യ വിധി പിൻവലിക്കുകയും റിവ്യൂ പെറ്റീഷൻ അനുവദിക്കുകയും ചെയ്തു. കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**തുടർശിപാർശ**

**2.2.7 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ടി വിഷയത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം നൽകാത്തതിനുള്ള വിശദീകരണവും ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 69**

<u>ശിപാർശ</u>

2.3.1 കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കുളിമാട്മുക്ക് കടവിലെ മണൽവാരൽ ലേലത്തുകയിൽ ഇളവനുവദിക്കാൻ സർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിലാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായത്. എന്നാൽ

കരാറുകാരനിൽനിന്നും ബാക്കി തുകകൂടി ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ഇത് ഗുരുതരമായ വീഴ്ചയാണെന്നും ഇത് ന്യായീകരിക്കുന്നതിന് കാരണങ്ങളുള്ളതായി കാണുന്നില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.2 മണൽ ലേലത്തുകയിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന 86,000 രൂപയും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കുറവുവന്ന 12,900 രൂപയും കരാറുകാരനായ ശ്രീ. അബ്ദുറഹിമാൻ, തിരിക്കോട്ട്, പി.ഒ., പാഴൂർ എന്നയാളിൽ നിന്നും ഈടാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യപ്രകാരം 24-8-2008-ന് ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ.) റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്. തുക അടയ്ക്കാൻ താൻ ബാധ്യസ്ഥനല്ലെന്ന് ചൂണ്ടിക്കാട്ടി ശ്രീ. അബ്ദുറഹിമാൻ 21-10-2008-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഡെപ്യൂട്ടി തഹസിൽദാർക്കും (ആർ.ആർ.) വക്കീൽ നോട്ടീസ് അയച്ചതായി കാണുന്നു.

### 31-12-2008-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.3.3 മണൽ ലേലത്തുകയിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന 86,000 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി ആവശ്യപ്പെട്ടു.

### സർക്കാർ സ്വീകരിച്ച നടപടി

2.3.4 20-11-2007-ന് A2:80/98 നമ്പർ കത്ത് പ്രകാരം ലേലംകൊണ്ട കരാറുകാരനായ ശ്രീ. അബ്ദുറഹിമാൻ തിരിക്കോട്ട്, പി.ഒ. പാഴൂർ എന്നയാൾക്ക് ലേലത്തുകയിൽ സർക്കാർ ഇളവനുവദിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തു ഫണ്ടിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന 86,000 രൂപയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ 15-4-2008-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി PR No. 58/08 പ്രകാരം തീരുമാനം എടുത്തു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.3.5 4-11-2008-ന് എൽ.എഫ്.കെ.കെ.ഡി.എഫ്2/1281/08(2) പ്രകാരം പ്രാദേശിക പരിശോധനാ റിപ്പോർട്ട് ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. മണൽ തുകയിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന 86,000 രൂപയും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കുറവുവന്ന 12,900 രൂപയും കരാറുകാരനായ ശ്രീ. അബ്ദുറഹിമാൻ തിരിക്കോട്ട്, പി.ഒ. പാഴൂർ എന്നയാളിൽ നിന്നും 18% പിഴപ്പലിശ സഹിതം ഈടാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 4-6-2008-ന് എ 1/766/08 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് ശിപാർശ ചെയ്യുകയുണ്ടായി. ഡെപ്യൂട്ടി തഹസിൽദാർ (RR)19/08-09 നമ്പരിൽ 24-8-2008-ന്

റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്. തുക അടയ്ക്കാൻ താൻ ബാദ്ധ്യസ്ഥനല്ലെന്ന് ചൂണ്ടിക്കാട്ടി ശ്രീ. അബ്ദുറഹിമാൻ 21-10-2008-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഡെപ്യൂട്ടി തഹസിൽദാർക്കും (RR) വക്കീൽ നോട്ടീസ് അയച്ചതായി കാണുന്നു.

**8-12-2009-ലെ സമിതി ആരാഞ്ഞ അധികവിവരം**

2.3.6 കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ മണൽ വാരൽ ലേലം കൈക്കൊണ്ട കരാറുകാരനായ ശ്രീ. പി. അബ്ദുറഹിമാൻ എന്നയാളിൽനിന്നും അടവാക്കാൻ ബാക്കി നിൽക്കുന്ന തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കി വിവരം സമിതിയെ അറിയിക്കാൻ നിർദ്ദേശിച്ചു.

**8-12-2009-ലെ യോഗനിർദ്ദേശ പ്രകാരമുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.3.7 മണൽ ലേലത്തുകയിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന 86,000 രൂപയും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കുറവുവന്ന 12,900 രൂപയും കരാറുകാരനായ ശ്രീ. പി. അബ്ദുറഹിമാൻ തിരിക്കോട്ട്, പി.ഒ., പാഴൂർ എന്നയാളിൽനിന്ന് 18% പലിശ സഹിതം ഈടാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 4-6-2008-ന് എ 1-766/08 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് ശിപാർശ ചെയ്തു. ഡെപ്യൂട്ടി തഹസീൽദാർ (ആർ.ആർ.) 19/08-09 നമ്പരിൽ 24-8-2008-ന് റവന്യൂ റിക്കവറി നോട്ടീസ് നൽകി. തുക അടയ്ക്കാൻ താൻ ബാധ്യസ്ഥനല്ലെന്ന് ചൂണ്ടിക്കാട്ടി ശ്രീ. അബ്ദുറഹിമാൻ 21-10-2008-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ.)ക്കുമെതിരെ വക്കീൽ നോട്ടീസ് അയയ്ക്കുകയും W.P.(c)33403/08(11) നമ്പറിൽ ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തു. കേസിന്റെ ഇപ്പോഴത്തെ അവസ്ഥ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

**തുടർശിപാർശ**

**2.3.8 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയും ടി വിഷയത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം നൽകാത്തതിനുള്ള വിശദീകരണവും ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 70**

<u>ശിപാർശ</u>

2.4.1 മണൽ ലേല സംഖ്യയിൽ ഇളവനുവദിക്കാൻ സർക്കാർ അനുമതി ലഭിക്കാത്ത തിനാൽ ഇക്കാര്യത്തിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനം പുനഃപരിശോധിക്കണ മെന്നും അതനുസരിച്ച് ലേലസംഖ്യയിൽ ബാക്കി നിൽക്കുന്ന തുകയും (86,000 രൂപ) കരാർ പത്രികയിൽ സ്റ്റാമ്പ് പേപ്പറിൽ നിർദ്ദേശിച്ച 5%-ന് പകരം 2.5% ആയി

കുറഞ്ഞതിന് ഗവൺമെന്റിനുണ്ടായ നഷ്ടവും (12,900 രൂപ) കരാറുകാരനിൽ നിന്നും ഈടാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുവാനും അല്ലാത്തപക്ഷം യഥാർത്ഥ മൂല്യത്തിലുള്ള മുദ്രപ്പത്രം ഉപയോഗിക്കാത്തതുമൂലം സർക്കാരിന് നഷ്ടപ്പെട്ട 12,900 രൂപ പിഴപ്പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് കാലപ്പഴക്കംകൊണ്ട് തുക ഈടാക്കാനാവില്ല എന്നതിനാലും പഞ്ചായത്ത് കമ്മിറ്റി ടിയാന് തുക കുറവുചെയ്യാൻ തീരുമാനിച്ച് പ്രമേയം പാസാക്കിയതിനാലും പ്രസ്തുത പ്രമേയം പുനഃപരിശോധിച്ച് തുക ഈടാക്കുവാനുള്ള നിയമ നടപടിയുമായി മുന്നോട്ടുപോകുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകാവുന്നതാണെന്ന ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശയിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കണമെന്നും അപ്രകാരം ചെയ്യാത്തപക്ഷം അന്നത്തെ പഞ്ചായത്ത് സമിതി അംഗങ്ങളിൽനിന്നും തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.4.2 മുദ്രപ്പത്രത്തിൽ കുറവുവന്ന 12,900 രൂപ അന്നത്തെ സെക്രട്ടറിയും 1998 ഏപ്രിൽ 30-ന് സർവ്വീസിൽനിന്നും റിട്ടയർ ചെയ്യുകയും ചെയ്ത ശ്രീ. കെ. ജെ. തോമസിൽ നിന്ന് ഈടാക്കാൻ 26-5-2008-ന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകുകയും ആയതിന് താൻ ബാധ്യസ്ഥനല്ലെന്ന് ചൂണ്ടിക്കാട്ടി 19-6-2008-ന് ശ്രീ. കെ. ജെ. തോമസ് മറുപടി നൽകുകയും ചെയ്തു. പിന്നീട് നടപടികൾ ഉണ്ടായിട്ടില്ല. ഒരേ നഷ്ടം രണ്ട് വ്യക്തികളിൽ നിന്ന് ഈടാക്കുവാൻ തീരുമാനിച്ചതിലെ അപാകത കോടിയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

### 31-12-2008-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം

2.4.3 മുദ്രപ്പത്രത്തിൽ കുറവുവന്ന 12,900 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജെ. തോമസിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെട്ടു.

### സർക്കാർ സ്വീകരിച്ച നടപടി

2.4.4 ലേലസംഖ്യയിൽ കുറവുവന്ന 86,000 രൂപയും മുദ്രപ്പത്രത്തിൽ കുറവുവന്ന 12,900 രൂപയും പിഴപ്പലിശയും ഈടാക്കുന്നതിന് ലേലം കൊണ്ട ശ്രീ. അബ്ദുറഹിമാൻ തിരിക്കോട്ട്, പാഴൂർ. പി.ഒ. എന്നയാളുടെ പേരിൽ 4-6-2008-ന് റവന്യൂ റിക്കവറി നടത്തുന്നതിന് ബഹു. കോഴിക്കോട് ജില്ലാ കളക്ടർക്ക് ഫോറം നമ്പർ 24 സമർപ്പിച്ചു. മുദ്രപ്പത്രത്തിൽ കുറവുവന്ന 12,900 രൂപയും പലിശയും ഈടാക്കുന്നതിന് അന്നത്തെ സെക്രട്ടറിയായ കെ.ജെ. തോമസ് എന്നയാൾക്ക് 21-5-2008-ന് A1-766/08 നമ്പർ പ്രകാരം നോട്ടീസ് അയച്ചു. നോട്ടീസ് കൈപ്പറ്റിയ മടക്ക് രസീത് പഞ്ചായത്തിൽ ലഭിച്ചു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.4.5 മുദ്രപ്പത്രത്തിൽ കുറവുവന്ന 12,900 രൂപ അന്നത്തെ സെക്രട്ടറിയും 1998 ഏപ്രിൽ 30-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയും ചെയ്ത ശ്രീ. കെ. ജെ. തോമസിൽ നിന്ന് ഈടാക്കാൻ 26-5-2008-ന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകുകയും ആയതിന് താൻ ബാധ്യസ്ഥനല്ലെന്ന് ചൂണ്ടിക്കാട്ടി 19-6-2008-ന് ശ്രീ. കെ. ജെ. തോമസ് മറുപടി നൽകുകയും ചെയ്തു. പിന്നീട് നടപടികൾ ഉണ്ടായിട്ടില്ല.

**8-12-2009-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**

2.4.6 മണൽലേലവുമായി ബന്ധപ്പെട്ട് മുദ്രപ്പത്രത്തിൽ കുറവുവന്ന തുക മുൻ സെക്രട്ടറി ശ്രീ. കെ. ജെ. തോമസിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടു.

**8-12-2009-ലെ യോഗനിർദ്ദേശപ്രകാരമുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്**

2.4.7 മുദ്രപ്പത്രത്തിൽ കുറവുവന്ന 12,900 രൂപ അന്നത്തെ സെക്രട്ടറിയും 30-4-1998-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്ത ശ്രീ. കെ. ജെ. തോമസിൽ നിന്ന് ഈടാക്കുവാൻ 26-5-2008-ന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകുകയും ആയതിന് നഷ്ടത്തിനുത്തരവാദി താനല്ലെന്ന് കാണിച്ച് 19-6-2008-ന് ശ്രീ. കെ. ജെ. തോമസ് മറുപടി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ലേലത്തിന്റെ കരാർ സമർപ്പിക്കുമ്പോൾ ശ്രീ. കെ. ജെ. തോമസായിരുന്നില്ല സെക്രട്ടറിയെന്ന് ബോധ്യമായി. ഇക്കാര്യം ബഹു. സമിതിയെ അറിയിക്കുകയും തെറ്റായ വിവരം നൽകിയ സെക്രട്ടറിയുടെ പേരുവിവരം ബഹു. സമിതിയെ അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. സെക്രട്ടറിയുടെ വിവരം നാളിതുവരെ നൽകിയിട്ടില്ല. മുദ്രപ്പത്രത്തിൽ കുറവുവന്ന തുകയുടെ നഷ്ടത്തിനുത്തരവാദിയായ സെക്രട്ടറി യഥാർത്ഥത്തിൽ ശ്രീ. രാഘവനുണ്ണിയാണ്. ടിയാന്റെ മേൽവിലാസം പാരിജാതം ഹൗസ്, കുഴക്കോട്. പി.ഒ., ചാത്തമംഗലം, കോഴിക്കോട് എന്നാണ്.

**തുടർശിപാർശ**

**2.4.8 യഥാർത്ഥ മൂല്യത്തിലുള്ള മുദ്രപ്പത്രം ഉപയോഗിക്കാത്തതിലൂടെയുണ്ടായ നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. രാഘവനുണ്ണിയിൽനിന്നും തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**2.4.9 മണൽ ലേലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**2.4.10 പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധികവിവരം നാളിതുവരെ നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇതിന് ഉത്തരവാദി കളായവരിൽനിന്നും ആയതിനുള്ള വിശദീകരണം ആരാഞ്ഞ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 94, 95, 96**

ശിപാർശ

2.5.1 ബസ്സ്റ്റേഷൻ കം-ഷോപ്പിംഗ് സെന്റർ നിർമ്മാണത്തിനുവേണ്ടി വായ്പ എടുത്ത വകയിൽ കേരള ഗ്രാമവികസന ബോർഡിലേക്ക് തിരിച്ചടക്കേണ്ട തുക യഥാസമയങ്ങളിൽ തിരിച്ചടയ്ക്കാത്തതുമൂലം കുടിശ്ശിക വരികയും പ്രസ്തുത തുക, പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിലായി അടയ്ക്കുന്നതിനും കാരണമാകുകയാണ് ഉണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. കുടിശ്ശിക യഥാസമയം അടയ്ക്കാതിരുന്നതിനെ ന്യായീകരിക്കത്തക്ക യാതൊരു സാഹചര്യവും നിലവിലില്ലാത്തതും കരാർ പ്രകാരമുള്ള കടം തിരിച്ചടയ്ക്കുന്നതിൽ അന്യായമായ കാലതാമസം വരുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

2.5.2 തിരുവമ്പാടി ബസ്സ്റ്റേഷൻ-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണ ത്തിനായി കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിൽനിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച് പഞ്ചായത്ത് ഓഫീസിൽ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിലുള്ള രേഖകൾകൂടി പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ ബാദ്ധ്യത നിർണ്ണയിക്കുവാനും ഇതുസംബന്ധിച്ച് അടിയന്തരമായി നടപടികൾ കൈക്കൊള്ളുവാനും സമിതി ശിപാർശ ചെയ്യുന്നു.

2.5.3 വായ്പ തുക തിരിച്ചടയ്ക്കേണ്ടതില്ലായെന്ന് പഞ്ചായത്ത് തീരുമാനിച്ചപ്പോൾ പ്രസ്തുത തുക കൃത്യമായി അടയ്ക്കേണ്ടതിന്റെ പ്രാധാന്യം സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയിൽ ബോദ്ധ്യപ്പെടുത്തേണ്ടതായിരുന്നെന്നും ഇത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിനാൽ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. കരുണാകരനെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.5.4 ഗ്രാമവികസന ബോർഡിന്റെ ആദായകര വികസന പദ്ധതി അനുസരിച്ച് 6-8-1984-ൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരം തിരുവമ്പാടി ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് സെന്ററിന്റെ പണി പൂർത്തിയാക്കി 19-5-1988-ന് കൈമാറിയതാണ്. എഗ്രിമെന്റിലെ 5-ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം തിരിച്ചടവിനുള്ള

ആദ്യ ഷെഡ്യൂൾ 30-9-1987-ന് പഞ്ചായത്തിന് നൽകിയിരുന്നതാണ്. പദ്ധതിയുടെ ആകെ മുടക്കുമുതൽ 26,97,990 രൂപ ആണ് ബോർഡിലേയ്ക്ക് തിരിച്ച് അടയ്ക്കേണ്ട ഗഡു സംഖ്യകൾ യഥാസമയം അടയ്ക്കാതിരുന്നതിനാൽ പലിശയും പിഴപ്പലിശയും വന്നിട്ടുണ്ട് എന്നുള്ളത് ശരിയാണ്. 16-9-1988 മുതൽ 16-1-2003 വരെയുള്ള കാലയളവിൽ 19 ഗഡുക്കൾ ആയിട്ട് പഞ്ചായത്ത് ഗ്രാമവികസന ബോർഡിലേയ്ക്ക് അടയ്ക്കുവാനുള്ള മുഴുവൻ തുകയും അടച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്വീകരിച്ചുകൊണ്ടാണ് 16-1-2003-ൽ ഗ്രാമവികസന ബോർഡിന് നൽകാനുള്ള മുഴുവൻ തുകയും പഞ്ചായത്ത് നൽകിയത്. പദ്ധതിയുടെ നിർവ്വഹണ ചെലവിനായി പഞ്ചായത്ത് ആകെ തിരിച്ചടച്ചത് 70,52,965 രൂപയാണ് (മുതൽ 26,97,990 രുപയും പലിശ 43,54,975 രൂപയും) പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. റൂറൽ ഡെവലപ്മെന്റ് ബോർഡിന്റെ 22-5-2006-ലെ 2498/എ 3/87/ആർ.ഡി.ബി. നമ്പർ പ്രകാരം വായ്പ തുകയുടെ മുതലും പലിശയും മാത്രമേ ബോർഡ് പഞ്ചായത്തിൽനിന്നും ഈടാക്കിയിട്ടുള്ളൂ എന്നും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടെന്നും പദ്ധതി നിർമ്മാണ ചെലവിലെ തിരിച്ചടവിലുണ്ടായിരുന്ന എല്ലാ ബാദ്ധ്യതകളും പൂർണ്ണമായും അവസാനിച്ചിരുന്നതായും അറിയിച്ചിട്ടുണ്ട്. അതുപോലെ തന്നെ 1-7-2006-ലെ 2498/എ 3/87/ആർ.ഡി.ബി. നമ്പർ കത്തുപ്രകാരം പഞ്ചായത്ത് ഒടുക്കിയ തുകയുടെ വിശദവിവരങ്ങളും നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിൽ ബോർഡുമായി സെറ്റിൽമെന്റിൽ ഏർപ്പെട്ട മൊത്തം ബാധ്യതയായി 65,76,350 രൂപയായി നിശ്ചയിക്കുകയും ഇതിനകം അടച്ചുതീർത്ത സംഖ്യ 46,31,261 രൂപയായി കണക്കാക്കുകയും ചെയ്തതിൽ 30-3-1999-ൽ അടച്ച 5 ലക്ഷം രൂപ ഉൾപ്പെട്ടതായി കാണുന്നില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. റൂറൽ ഡെവലപ്മെന്റ് അധികൃതരുമായി ടെലിഫോണിൽ ബന്ധപ്പെടുകയും ബോർഡ് അധികൃതർ തിരുവമ്പാടി പഞ്ചായത്തിന്റെ ഫയൽ പരിശോധിച്ചശേഷം 1-7-2006-ലെ 2498/എ 3/87/ ആർ.ഡി.ബി കത്തുപ്രകാരം പഞ്ചായത്തിന്റെ തിരിച്ചടവ് സംബന്ധിച്ച് നൽകിയ റിപ്പോർട്ട് പൂർണ്ണമായും ശരിയാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. 3-4-1999-ൽ പഞ്ചായത്തിൽനിന്നും ഒടുക്കിയ 5,00,000 രൂപ പലിശ ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ളതായി ബോധിപ്പിച്ചിട്ടുണ്ട്. 30-3-1999-ൽ യാതൊരു തുകയും പഞ്ചായത്തിൽനിന്നും ഒടുക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

8-1-2003 തീയതിയിലെ എ 3/843/87-ാം നമ്പർ കത്തുപ്രകാരം പഞ്ചായത്ത് ബാധ്യതാരഹിത സാക്ഷ്യപത്രത്തിനായി ബോർഡിനോട് ആവശ്യപ്പെടുകയും പൂർണ്ണ ബോർഡ് യോഗത്തിന്റെ അംഗീകാരത്തോടെ മാത്രമേ ബാധ്യതാരഹിത സാക്ഷ്യപത്രം

നൽകുവാൻ സാധിക്കുകയുള്ളുവെന്നും നിയമാനുസൃതമായ പൂർണ്ണ ബോർഡ് നിലവിലല്ലാത്തതിനാൽ ഇക്കാര്യത്തിൽ കാലതാമസം നേരിടുമെന്ന് 16-1-2003-ലെ 2498/എ 3/87 ആർ.ഡി.ബി. നമ്പർ കത്തുപ്രകാരം ബോർഡ് അധികൃതർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

പിഴപ്പലിശയിനത്തിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് യാതൊരു നഷ്ടവും ഉണ്ടാകാത്ത സാഹചര്യത്തിൽ 30-9-1987 മുതൽ 16-1-2003 വരെയുള്ള കാലയളവിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിമാരുടെയും ജൂനിയർ സൂപ്രണ്ടുമാരുടെയും ചുമതല വഹിച്ചിരുന്നവർ റിട്ടയർ ചെയ്ത് സർവ്വീസിൽനിന്ന് പിരിഞ്ഞുപോകുകയും ചിലർ മരണപ്പെട്ടുപോകുകയും ചെയ്തതിനാലും രജിസ്റ്ററുകളും രേഖകളും തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യമായി ബാധ്യത നിർണ്ണയിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ ബാധ്യത നിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം ഒഴിവാക്കിത്തരുന്നതിന് ബഹുമാനപ്പെട്ട കേരള സർക്കാരിനോടും ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോടും അപേക്ഷിക്കുന്നതിന് തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 5(1)/08 തീയതി 18-11-2008 നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച് പഞ്ചായത്തിൽ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല എന്നുള്ളത് വാസ്തവമാണ്. എന്നാൽ ബോർഡിലേയ്ക്ക് 19 തവണകളായി തുകകൾ തിരിച്ച് അടച്ചതിന്റെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. ആയത് ഇതോടൊപ്പം ചേർക്കുന്നു. മുൻ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. കരുണാകരന്റെ കാലയളവിലാണ് മേൽ വിഷയം സംഭവിച്ചിട്ടുള്ളത്. ടിയാൻ ഈ ഓഫീസിൽ നിന്നും സ്ഥലം മാറിയിട്ടുള്ളതും സീനിയർ സൂപ്രണ്ട് ആയി പ്രൊമോഷൻ ലഭിച്ചശേഷം സർവ്വീസിൽനിന്ന് 30-11-2001-ന് വിരമിച്ചതായും അറിയുവാൻ കഴിഞ്ഞിട്ടുള്ള വിവരം സവിനയം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.5.5 കേരള സംസ്ഥാന ഗ്രാമവികസന ബോർഡ് ഏറ്റെടുത്ത ബസ്സ്സ്റ്റാന്റ്-കം-ഷോപ്പിംഗ് സെന്റർ പണി പൂർത്തിയാക്കി 19-5-1988-ന് പഞ്ചായത്തിന് കൈമാറി. തിരുവമ്പാടി ഗ്രാമപഞ്ചായത്തുമായി ആർ.ഡി.ബി. ഉണ്ടാക്കിയ കരാർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. 16-79 ലക്ഷം രൂപ നിർമ്മാണ ചെലവ് കണക്കാക്കി 30-9-1987 മുതൽ 31-3-1999 വരെ 24 അർദ്ധവർഷ ഗഡുക്കളായി മുതലും പലിശയും അടയ്ക്കാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ യഥാസമയം തുക അടയ്ക്കാതിരുന്നാൽ ഗ്രാമവികസന ബോർഡ് പല തവണകളായി തുക ചുമത്തി നിശ്ചയിച്ചു. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 213(2)(1), 241(1)എ (4) പ്രകാരം യഥാസമയം കടങ്ങൾ

അടച്ചുതീർക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതായിരുന്നു. 16-9-1988 മുതൽ 16-1-2003 വരെ 19 തവണകളായി 26,97,990 രൂപ മുതലും 43,54,975 രൂപ പലിശയും ഉൾപ്പെടെ ആകെ 70,52,965 രൂപ അടവാക്കിയതായി ആർ.ഡി.ബി. സ്പെഷ്യൽ ഓഫീസറുടെ 1-7-2006-ലെ 2498/എ 3/87 ആർ.ഡി.ബി. നമ്പർ കത്തിൽ പറയുന്നു. മേൽ തുകയിൽ പിഴ പലിശയൊന്നും ഈടാക്കിയിട്ടില്ലായെന്നും വ്യക്തമാവുന്നു. എന്നാൽ നാളിതുവരെ ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ബോർഡ് നൽകിയിട്ടില്ല.

ബോർഡിന്റെ രേഖകളായി 16-1-2003, 22-5-2006, 1-7-2006 എന്നീ തീയതികളിലെ 2498/എ 3/87 ആർ.ഡി.ബി. നമ്പർ കത്തുകളാണ് പരിശോധനയ്ക്ക് ലഭിച്ചത്. ഇതിൽ 16-1-2003-ലെ കത്തിൽ ബാധ്യതാരഹിത സർട്ടിഫിക്കറ്റ് പിന്നീട് നൽകുന്നതാണെന്നും 22-5-2006-ലെ കത്തിൽ പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്വീകരിച്ചുകൊണ്ട് 16-1-2003-ൽ നിജപ്പെടുത്തി ബാധ്യത പൂർണ്ണമായും അവസാനിച്ചതായി അറിയിക്കുകയും 1-7-2006-ലെ കത്തിൽ പഞ്ചായത്ത് ആകെ 19 തവണകളായി 26,97,990 രൂപ മുതലും 43,54,975 രൂപ പലിശയും ഉൾപ്പെടെ ആകെ 70,52,965 രൂപ അടവാക്കിയതായും പിഴപ്പലിശയൊന്നും ഈടാക്കിയിട്ടില്ലായെന്നും അറിയിക്കുന്നു. ഇവയല്ലാതെ മറ്റ് രേഖകളൊന്നും ബോർഡിന്റേതായി പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

വായ്പയുടെ തിരിച്ചടവ് സംബന്ധിക്കുന്ന വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. അടച്ച മുതൽ, പലിശ, തീയതി, രസീത് നമ്പർ എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല. വായ്പ തിരിച്ചടവിലും രേഖകൾ സൂക്ഷിക്കുന്നതിലും ഉത്തരവാദിത്തപ്പെട്ടവരുടെ കൃത്യവിലോപവും അലംഭാവവും സംഭവിച്ചിട്ടുണ്ട്. മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ അടച്ച മുതൽ, പലിശ എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഷോപ്പിംഗ് സെന്റർ വാടക, ബസ്സ്റ്റാന്റ് ലേലം എന്നീയിനങ്ങളിൽ വരുമാനം ലഭ്യമായിട്ടും യഥാസമയം തുക അടയ്ക്കാതെ പലിശയിനത്തിൽ ഭീമമായ തുക (43,54,975 രൂപ) അടയ്ക്കാൻ ഇടയാക്കിയ 1987 മുതൽ 2003 വരെ കാലയളവിലുള്ള ഉദ്യോഗസ്ഥരുടെ പേരിൽ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. എന്നാൽ 18-11-2008-ലെ 5(1)/08 നമ്പർ തീരുമാന പ്രകാരം ഉദ്യോഗസ്ഥർ റിട്ടയർ ചെയ്തതിനാലും പിഴപ്പലിശയിനത്തിൽ നഷ്ടം വരാത്തതിനാലും ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള നടപടികൾ ഒഴിവാക്കിത്തരാൻ സർക്കാരിനോടും ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോടും അപേക്ഷിക്കാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ ബോർഡ് സമർപ്പിച്ച അടവ് പത്രികയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പിഴപ്പലിശയിനത്തിൽ നഷ്ടം ഉണ്ടായിട്ടില്ല എന്ന നിഗമനത്തിൽ എത്തിയതെന്ന് കാണുന്നു. ഇതു സംബന്ധിച്ച് പഞ്ചായത്തിന്റെ പക്കൽ രേഖകളൊന്നും ലഭ്യമല്ല. ആർ.ഡി.ബി.-യിൽ എടുത്ത വായ്പ ഫണ്ടിന്റെ അപര്യാപ്തതമൂലം

അടയ്ക്കേണ്ടതില്ലെന്നും 30-9-2000-ലെ 2/2000 നമ്പർ തീരുമാനം എടുത്തപ്പോൾ തുക അടയ്ക്കേണ്ടതിന്റെ പ്രാധാന്യം സെക്രട്ടറി ശ്രീ. സി. കരുണാകരൻ പഞ്ചായത്ത് കമ്മിറ്റിയിൽ ബോധ്യപ്പെടുത്തിയിട്ടില്ല. കൂടാതെ അടച്ച സംഖ്യയ്ക്ക് കൃത്യമായ രേഖയും സൂക്ഷിച്ചില്ല. ടിയാൻ 30-11-2001-ൽ സേവനത്തിൽനിന്നും വിരമിച്ചു. ആയതിനാൽ ടിയാനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

**തുടർ ശിപാർശ**

**2.5.6 തിരുവമ്പാടി ബസ്സ്റ്റേഷൻ നിർമ്മാണത്തിനായി സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിൽനിന്നും എടുത്ത വായ്പാതുക തിരിച്ചടയ്ക്കുന്നതിലും അനുബന്ധ രേഖകൾ സൂക്ഷിക്കുന്നതിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും, വായ്പ തിരിച്ചടയ്ക്കേണ്ടതിന്റെ പ്രാധാന്യം പഞ്ചായത്ത് കമ്മിറ്റിയിൽ ബോധ്യപ്പെടുത്തുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം വീഴ്ച ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 101**

ശിപാർശ

2.6.1 മണൽവാരൽ ലേലവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായ രീതിയിൽ അഴിമതി നടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ലേലത്തുകയിൽ കിഴിവനുവദിക്കുക, യഥാർത്ഥ വിലയുള്ള മുദ്രപ്പത്രം ഉപയോഗിക്കാതിരിക്കുക, ലേലക്കുടിശ്ശികയുള്ളയാൾക്കുതന്നെ പുനർലേലം അനുവദിക്കുക, അനധികൃത മണൽവാരലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാതിരിക്കുക എന്നിവമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും ധനനഷ്ടം ഉണ്ടാകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മണൽവാരലുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും തുക അടയ്ക്കുന്നതിലും യഥാർത്ഥ വിലയുള്ള മുദ്രപ്പത്രം ഉപയോഗിക്കുന്നതിലും വീഴ്ച വരുത്തുന്നവരിൽനിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാക്കണമെന്നും ലേലത്തുകയിൽ കിഴിവനുവദിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ആകാവൂയെന്നും സമിതി നിർദ്ദേശിക്കുന്നു. മണൽവാരൽ അനുവദിക്കുന്നതിനുള്ള നിശ്ചിത മാനദണ്ഡങ്ങൾ പ്രാദേശിക പരിശോധനാ റിപ്പോർട്ടിന്റെയും റവന്യൂ, സോയിൽ കൺസർവേഷൻ, പരിസ്ഥിതി എന്നീ വകുപ്പുകളുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലായിരിക്കണമെന്നും സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമായി മണൽ ലേലത്തിന് കിഴിവനുവദിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സമിതികൾക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടം ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.6.2 നദികളിൽ നിന്ന് വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽവാരൽ നിയന്ത്രിക്കുന്നതിനായി 2011-ലെയും 2002-ലെയും കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും സംബന്ധിച്ച ചട്ടങ്ങളും ആക്ടും നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 1-2-2005-ലെ 21734/പി1/2004/ റവന്യൂ-ാം നമ്പർ സർക്കുലർ റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ മണൽവാരലുമായി ബന്ധപ്പെട്ട ശിപാർശകളുടെ അടിസ്ഥാനത്തിൽ ശിപാർശകൾ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കണമെന്നും മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മണൽ ലേലത്തുകയിൽ യാതൊരു കിഴിവും അനുവദിക്കരുതെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ട കർശന നിയമ വ്യവസ്ഥകൾ 2009-ലെ ഭേദഗതി പ്രകാരം 219-ലെ വകുപ്പുകളിലായി കേരള പഞ്ചായത്ത് രാജ് ആക്ടിലും 340 എ, 340 ബി വകുപ്പുകളിലായി കേരള മുനിസിപ്പാലിറ്റി ആക്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിവരവും സമിതിയെ അറിയിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.3 നദികളിൽ നിന്ന് മണൽവാരലുമായി ബന്ധപ്പെട്ട നിയമസഭാ സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ 9-8-2011-ലെ 42160/ആർ.സി3/2008/ ത.സ്വ.ഭ.വ. പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ഈ നടപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

### തുടർശിപാർശ

**2.6.4 പ്രസ്തുത ശിപാർശ ഖണ്ഡികയിന്മേലുള്ള സർക്കാർ മറുപടിയും ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തെയും മുൻനിർത്തി നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

### ഖണ്ഡിക നമ്പർ 102

<u>ശിപാർശ</u>

2.7.1 ഓഡിറ്റ് പരാമർശത്തിന്മേലുള്ള കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത് ഇക്കാര്യത്തിന്മേൽ സ്വീകരിക്കുന്ന തുടർനടപടി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.7.2 ഖണ്ഡിക 102 ആയി ഓഡിറ്റ് പരാമർശത്തിന്മേലുള്ള കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത്, ഇക്കാര്യത്തിന്മേൽ സ്വീകരിക്കുന്ന തുടർനടപടി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഇതുവരെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുനഃപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. 21-11-2011, 13-1-2012 എന്നീ തീയതികളിൽ എൽ.എഫ്.കെ.കെ.ഡി(എസ്3) 1712/2011-ാം നമ്പർ ആയി റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടും ആയവ, ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വിവരം താങ്കളുടെ അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അറിയിച്ചുകൊള്ളുന്നു.

**4-12-2013-ലെ സമിതിയോഗ നിർദ്ദേശം**

2.7.3 'മണൽ കുടിശ്ശിക ഈടാക്കിയില്ല' എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് നാളിതുവരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുക്കാത്തതിനുള്ള വിശദീകരണവും പ്രസ്തുത റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത് ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ഒരു മാസത്തിനകം സമിതിയ്ക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.4 കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നാളിതുവരെ പുനഃപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.7.5 കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് പുനഃപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 9-11-2007-ന് കത്തയയ്ക്കുകയും 22-12-2007, 8-2-2008, 4-7-2008, 8-12-2016 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പും അയച്ചെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. 27-3-2010-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ശോഭനറാണിയും ഏഴ് ഭരണസമിതി അംഗങ്ങളും തുക തിരിച്ചടച്ചത് പരിശോധിച്ച് ഉറപ്പുവരുത്തി. പണം അടയ്ക്കാത്ത എട്ട് ഭരണ സമിതി അംഗങ്ങളിൽ നിന്ന് റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിച്ചെങ്കിലും തുടർ വിവരം ലഭ്യമല്ല.

**4-12-2013-ലെ യോഗനിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി**

2.7.6 കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാന ഓഡിറ്റ് വകുപ്പിന് അയച്ചുതന്ന സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു:

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ചെട്ടിപ്പുഴക്കടവിൽ നിന്ന് 1-6-1999 മുതൽ 31-12-99 വരെ മണൽ നീക്കം ചെയ്യുന്നതിനുള്ള അവകാശം 31-3-1999-ന് ലേലം ചെയ്യുകയും ശ്രീ. ശശിധരൻ ചെറുകടവത്ത് എന്നയാളുടെ പേരിൽ 3,14,000 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും ചെയ്തിരുന്നു. ലേലത്തിൽ പങ്കെടുത്തപ്പോഴും അവകാശം തന്റെ പേരിൽ സ്ഥിരപ്പെടുത്തിയപ്പോഴും മേൽപ്പറഞ്ഞ ശശിധരൻ മുൻകാലങ്ങളിൽ മണൽ എടുക്കുന്നതിനുള്ള അവകാശം ഏറ്റെടുത്ത വകയിൽ മുൻ വർഷങ്ങളിലുള്ള 59,200 രൂപയുടെ കുടിശ്ശിക നിലനിൽക്കെ ഇദ്ദേഹത്തെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിച്ചതും വീണ്ടും ഈ അവകാശം ഇദ്ദേഹത്തിന്റെ പേരിൽത്തന്നെ സ്ഥിരപ്പെടുത്തിയതും ക്രമവിരുദ്ധമാണെന്നാണ് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉന്നയിച്ച തടസ്സം. എന്നാൽ അന്വേഷണത്തിൽ തടസ്സത്തിനാധാരമായ തുകയത്രയും 1993-94 വർഷത്തെ മണൽ ലേല കുടിശ്ശികയിനത്തിലുള്ള തുകയാണെന്നു മനസ്സിലാക്കുന്നു. 96-97-ലെ പലവക ഡിമാന്റ് രജിസ്റ്ററിൽ പേജ് നമ്പർ 33 ആയി കാണിച്ച ഇതേ തുക 1993-94 വർഷത്തെ മണൽ ലേല കുടിശ്ശിക തുകയാണെന്ന് പറയുന്നുണ്ടെങ്കിലും 1997-98, 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡിക 33, 34 പ്രകാരം കുടിശ്ശിക തുക 45,900 രൂപ മാത്രമാണ് 1993-94-ലെ തുകയാണെന്ന് പറയുന്നത്. അതായത് 45,900 രൂപ 1993-94 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കുടിശ്ശികയാണെന്ന് പറയുമ്പോൾ തന്നെ 1996-97-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ആയത് 59,200 ആണെന്നും പറയുന്നു. ഇപ്രകാരം സംഖ്യകളിലുള്ള വ്യത്യാസത്തിനുള്ള കാരണത്തിനായി പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ട വസ്തുതകൾ/വിവരങ്ങൾകൂടി വിശദമാക്കിക്കൊള്ളട്ടെ.

1993-94 വർഷം 1,05,100 രൂപയ്ക്കായിരുന്നു പഞ്ചായത്ത് മണൽ ലേലം ചെയ്തിരുന്നത്. ലേലംകൊണ്ട കരാറുകാരൻ ഇതിലേയ്ക്ക് 59,200 രൂപ ഗ്രാമപഞ്ചായത്തിൽ യഥാസമയം ഒടുക്കുകയുണ്ടായി. പക്ഷേ 29-6-1993-ലെ ജി.ഒ. (പി.) 132/93 പ്രകാരം മണൽ വാരുന്നതിനുള്ള അവകാശം സർക്കാർ ഏറ്റെടുത്തതിന്റെ വെളിച്ചത്തിൽ 29-6-1993 മുതൽ കരാർ റദ്ദാക്കിയതായി കാണിച്ച് 21-7-1993-ന് കരാറുകാരന് അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. അത് പ്രകാരം 1-4-1993 മുതൽ 21-7-1993 വരെയുള്ള ലേലസംഖ്യ മാത്രമേ കരാറുകാരൻ അടയ്ക്കേണ്ടതായിട്ടുള്ളൂ. എന്നാൽ ടിയാൻ 52%ത്തിലധികം വരുന്ന തുകയായ 59,200 രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയുണ്ടായി. അതായത് ലേലംകൊണ്ട തുകയിലേയ്ക്ക് അടച്ച തുകയാണ് ഓഡിറ്റ് റിപ്പോർട്ടിൽ കുടിശ്ശികയായി അടയ്ക്കാനുള്ള തുകയായി കാണിച്ചിരുന്നത്. (105100-59200=45900) കണക്ക് പ്രകാരം

ബാക്കി വരുന്ന തുകയായ 45,900 രൂപ തന്നെ മേൽ കാണിച്ച സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ കരാറുകാരൻ അടയ്ക്കാൻ ബാദ്ധ്യതപ്പെട്ട തുകയല്ലെന്നും മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ 9-9-2008-ലെ 183-ാം നമ്പർ തീരുമാന പ്രകാരം കരാർ റദ്ദാക്കിയതിനാൽ കരാറുകാരൻ ബാക്കിയടയ്ക്കേണ്ട 45,900 രൂപ ഒഴിവാക്കുന്നതിനും തടസ്സം ഒഴിവാക്കിത്തരുന്നതിനും അപേക്ഷിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

ആയതിനാൽ 50%-ത്തിലധികം തുക കരാറുകാരൻ അടച്ചതിനാലും 21-7-1993 മുതൽ മണൽ വാരൽ അവകാശം സർക്കാർ ഏറ്റെടുത്തതിനാലും ഓഡിറ്റ് പരാമർശപ്രകാരം ബാക്കിയടയ്ക്കേണ്ട തുകയായ 45,900 രൂപ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് താൽപ്പര്യപ്പെടുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.7.7 സ.ഉ.(പി.)നമ്പർ 132/93/ത.ഭ.വ. തീയതി 29-6-1993 പ്രകാരം മണൽ വാരുന്നതിനുള്ള അവകാശം സർക്കാർ ഏറ്റെടുത്തു. 29-6-1993 മുതൽ കരാർ റദ്ദാക്കിയതായി കാണിച്ച് 21-7-1993-ന് ഗ്രാമപഞ്ചായത്ത് മണൽ ലേലം കുത്തകക്കാരനായ ശ്രീ. ശശിധരന് അറിയിപ്പ് നൽകി. അപ്രകാരം 1-4-1993 മുതൽ 21-7-93 വരെയുള്ള ലേലത്തുക മാത്രമേ കരാറുകാരൻ അടയ്ക്കേണ്ടതായിട്ടുള്ളൂ.

1993-94 വർഷത്തിൽ 1,05,100 രൂപയ്ക്ക് മണൽ വാരുന്നതിനുള്ള കുത്തകാവകാശം ശ്രീ. ശശിധരൻ ഏറ്റെടുത്തതിനെതുടർന്ന് 59,200 രൂപ അടച്ചുകഴിഞ്ഞതിനാൽ ബാക്കി വന്ന 45,900 രൂപ (105100-59200) ടിയാൻ അടയ്ക്കാൻ ബാധ്യതപ്പെട്ട തുകയല്ല. കരാർ റദ്ദാക്കിയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ 9-9-2008-ലെ 183-ാം നമ്പർ തീരുമാനപ്രകാരം കുത്തകക്കാരൻ അടവാക്കേണ്ട 45,900 രൂപയുടെ ബാധ്യത ഒഴിവാക്കുന്നതിനും തടസ്സം ഒഴിവാക്കുന്നതിനും അപേക്ഷിക്കാനും തീരുമാനിച്ചിട്ടുണ്ട്.

1993-94 വർഷത്തിൽ അടവാക്കേണ്ട 1,05,100 രൂപയിൽ കരാർ നിലനിന്ന 1-4-1993 മുതൽ 21-7-1993 വരെയുള്ള കാലത്തേയ്ക്ക് ആനുപാതികമായി 32,250 രൂപ $\frac{(1,05,100 \times 1/2)}{365}$ അടവാക്കിയാൽ മതിയാകുന്നതാണ്. 59,200 രൂപ അടവാക്കുകയും ബാക്കി45,900 രൂപ 21-7-1993-ന് കരാർ റദ്ദ് ചെയ്തത് പ്രകാരം അടവാക്കാതിരിക്കുകയുമാണുണ്ടായത്. ന്യായമായ കാരണങ്ങളാണെങ്കിൽക്കൂടിയും ലേലത്തുകയിൽ കിഴിവനുവദിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമാണെന്ന നിബന്ധന പാലിച്ചിട്ടില്ല എന്ന അപാകതയാണ് നിലനിൽക്കുന്നത്. 59,250 രൂപ കുടിശ്ശിക എന്നത് 49,200 രൂപയാണെന്നും ആയത് ഒഴിവാക്കിയത് 29-6-1993-ലെ സർക്കാർ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ മണൽ വാരുന്നതിനുള്ള അവകാശം സർക്കാർ ഏറ്റെടുത്തതു കാരണമാണെന്നുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണം കണക്കിലെടുത്താൽ ശ്രീ. ശശിധരൻ എന്ന കുത്തകക്കാരന്റെ പേരിൽ കുടിശ്ശിക നിലവിലുണ്ടായിരുന്നില്ല എന്നും അതിനാലാണ് 1-6-1999 മുതൽ 31-12-1999 വരെയുള്ള കാലത്തെ ലേലം ടിയാന്റെ പേരിൽ ഉറപ്പിച്ചത് എന്നതും അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ് എന്നറിയിക്കുന്നു. സർക്കാർ അനുമതിയില്ലാതെ ലേലത്തുകയിൽ കിഴിവനുവദിച്ച എന്ന അപാകത നിലനിൽക്കുന്നതായും ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**തുടർശിപാർശ**

**2.7.8 സർക്കാർ സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 135**

ശിപാർശ

2.8.1 പദ്ധതിയുടെ കൺവീനർക്ക് നൽകിയ പദ്ധതിവിഹിതമായ 35,000 രൂപയിൽ യഥാർത്ഥ ചെലവ് 33,895 രൂപ മാത്രമാണെന്നിരിക്കെ ബാക്കി തുകയായ 1,105 രൂപ കൺവീനറിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.8.2 പദ്ധതിയുടെ കൺവീനറിൽ നിന്നും ഈടാക്കുവാനുള്ള ബാക്കി തുക 1,105 രൂപ 6-10-2006-ലെ രശീതി നമ്പർ: 41405/32 പ്രകാരം ഈടാക്കിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.8.3 കൺവീനറിൽനിന്നും ഈടാക്കുവാനുള്ള ബാക്കി തുക 1,105 രൂപ 6-10-2006-ലെ രശീതി നമ്പർ:41405/32 പ്രകാരം ഈടാക്കിയിട്ടുണ്ട് എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടു.

**തുടർശിപാർശ**

**2.8.4 സർക്കാർ സമർപ്പിച്ച മറുപടി അംഗീകരിച്ച സമിതി തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 136**

ശിപാർശ

2.9.1 തയ്യൽ മെഷീനുകൾ തുരുമ്പെടുത്ത് നശിക്കാതെ പ്രയോജനപ്പെടുത്തുവാൻ വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.9.2 1990-2000 വർഷം സ്വയം തൊഴിൽ പദ്ധതിയിൽ വാങ്ങിയ 3 തയ്യൽ മെഷീൻ പരിശീലനം കഴിഞ്ഞ് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചത് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി അർഹമായ കുടുംബ യൂണിറ്റുകൾക്ക് നൽകുന്നതിനുള്ള പഞ്ചായത്തിന്റെ 159/08(2) തീയതി 19-8-2008 നമ്പർ തീരുമാന പ്രകാരം മെഷീനുകൾ 15-ാം വാർഡിലെ സരിഗ കുടുംബശ്രീ യൂണിറ്റിന് 16-9-2008-ന് കൈമാറിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.9.3 16-9-2008-ന് 3 തയ്യൽ മെഷീനുകളും 15-ാം വാർഡിലെ സരിഗ കുടുംബശ്രീ യൂണിറ്റിന് നൽകിയിരുന്നു. ആയതിൽ 2 തയ്യൽ മെഷീനുകൾ തുരുമ്പെടുത്ത് ഉപയോഗശൂന്യ മായതിനാൽ കുടുംബശ്രീ യൂണിറ്റ് പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ഒരു തയ്യൽ മെഷീൻ ടി കുടുംബശ്രീ യൂണിറ്റ് ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്.

**തുടർശിപാർശ**

**2.9.4 സർക്കാർ സമർപ്പിച്ച മറുപടി അംഗീകരിച്ച സമിതി തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 142**

ശിപാർശ

2.10.1 സ്വന്തമായി സ്ഥലം ഉള്ള അനീഷിന് വീട് വയ്ക്കുന്നതിനുള്ള സ്ഥലം വാങ്ങൽ പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകിയത് നിയമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അനർഹമായി കൈപ്പറ്റിയ തുക അനീഷിനെക്കൊണ്ട് തിരിച്ചടപ്പിക്കണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.10.2 വീടുവെയ്ക്കുന്നതിന് സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം അനർഹമായി കൈപ്പറ്റിയ ധനസഹായം 15,000 രൂപ ഗുണഭോക്താവായ ശ്രീ. അനീഷ്, S/o ഗോപാലൻ മൊയിലോത്തറ എന്നയാളോട് തിരിച്ചടക്കുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചടയ്ക്കാൻ 6 മാസത്തെ ഇടവേള അനുവദിക്കുകയോ അല്ലെങ്കിൽ ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുകയോ ചെയ്യണമെന്ന് അനീഷ് അഭ്യർത്ഥിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് ആവശ്യമായ അനുമതിക്കായി 27-5-2006-ലെ എ 2/1052/04 നമ്പർ കത്തിലൂടെ പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. അതേ

അപേക്ഷ പഞ്ചായത്തിന്റെ 22-12-2007-ലെ PR No.166/07(12) നമ്പർ തീരുമാന പ്രകാരം 24-12-2007-ന് വീണ്ടും സമർപ്പിച്ചെങ്കിലും ഡയറക്ടറിൽനിന്നും യാതൊരു മറുപടിയും ലഭിക്കാത്തത് കാരണം ശ്രീ. അനീഷിന് നൽകിയ സ്ഥലം പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത ഭൂമി അർഹമായ മറ്റൊരു ഗുണഭോക്താവിന് നൽകുന്നതിനും പഞ്ചായത്ത് 19-8-2008-ലെ PR No.159/08(3) നമ്പർ പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം പഞ്ചായത്തിന് തിരിച്ചുനൽകുന്നതിനോ അല്ലെങ്കിൽ അനുവദിച്ച ധനസഹായം 12% പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനോ അനീഷിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് ചെയ്യാത്തതിനാൽ തുക റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതിന് 21-11-2008-ലെ 223/08 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറോട് 2-12-2008-ലെ എ 2-1351/08 നമ്പർ പ്രകാരം നിശ്ചിത പ്രൊഫോർമയിൽ അപേക്ഷിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.10.3 പഞ്ചായത്ത് സെക്രട്ടറിയുടെ എ 2/1052/04 തീയതി 4-9-2008 കത്ത് പ്രകാരം ശ്രീ. അനീഷ്, S/o. ഗോപാലൻ മൊയിലോത്തറ എന്നയാളോട് അനർഹമായി കൈപ്പറ്റിയ ധനസഹായം 15,000 രൂപ 12% പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനോ സ്ഥലം പഞ്ചായത്തിന്റെ പേരിൽ തിരിച്ച് രജിസ്റ്റർ ചെയ്തു നൽകുന്നതിനോ ആവശ്യപ്പെടുകയും ആയതിന് തുക തിരിച്ചടയ്ക്കാൻ 6 മാസത്തെ ഇടവേള അനുവദിക്കുകയോ അല്ലെങ്കിൽ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുകയോ ചെയ്യണമെന്ന് ടിയാൻ അഭ്യർത്ഥിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിന്റെ അനുമതിക്കായി 27-5-2006, 24-12-2007 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടറോട് സെക്രട്ടറി അപേക്ഷിച്ചെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ശ്രീ. അനീഷിൽനിന്നും തുക പലിശ സഹിതം റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതിന് നടപടിയെടുക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോട് 2-12-2008-ലെ എ 2/1351/08 നമ്പർ കത്ത് പ്രകാരം നിശ്ചിത പ്രൊഫോർമയിൽ അപേക്ഷിച്ചു. മറുപടി ലഭ്യമാക്കാത്തതിനാൽ 20-7-2009-ന് കളക്ടർക്ക് ഓർമ്മക്കുറിപ്പയച്ചു. ഇതുവരെ കളക്ടറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

### 4-12-2013-ലെ സമിതിയോഗ തീരുമാനം

2.10.4 'വീട് വയ്ക്കാൻ സ്ഥലം വാങ്ങൽ' പദ്ധതി പ്രകാരം അനർഹമായി കൈപ്പറ്റിയ 15,000 രൂപ തിരിച്ചടപ്പിക്കണമെന്ന സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ ഗുണഭോക്താവ് തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി തേടിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടറോടും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് കോഴിക്കോട്

ജില്ലാ കളക്ടറോടും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽനിന്നും കോഴിക്കോട് ജില്ലാ കളക്ടറിൽനിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

## 18-12-2013-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.10.5 കാവിലുംപാറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട 142-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭൂമി തിരിച്ചുപിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്കും കാവിലുംപാറ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതിരുന്നതിന് സമിതി വിശദീകരണം ആരാഞ്ഞു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2006-2007 വർഷങ്ങളിൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയതായി പറയുന്ന കത്തുകൾ, പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിലെ തപാൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ലഭിച്ചതായി കാണുന്നില്ലെന്നും ഭൂമി തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വേണമെന്ന് ബന്ധപ്പെട്ട നിയമത്തിൽ പറയുന്നില്ലെന്നും ഗ്രാമപഞ്ചായത്തിനുതന്നെ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും സ്വന്തമായി ഭൂമിയുണ്ടായിരുന്ന വ്യക്തിക്ക് സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ 15,000 രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിന്നും സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നെന്നും ടിയാൻ വിരമിച്ചുവെങ്കിലും ഡി.സി.ആർ.ജി. നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കിയതിനു ശേഷമേ ആയത് അനുവദിക്കുകയുള്ളൂവെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ കത്തുകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ യാതൊരു നടപടിയും സ്വീകരിക്കാത്തതിനെ സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണം ആരാഞ്ഞതിന് പഞ്ചായത്ത് ഡയറക്ടറേറ്റിൽനിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാന ത്തിലാണ് റിപ്പോർട്ട് നൽകിയിരിക്കുന്നതെന്നും പ്രസ്തുത റിപ്പോർട്ടിൽ കളക്ടർ യാതൊരുവിധ റവന്യൂ റിക്കവറി നടപടികളും ആരംഭിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടറിൽനിന്നും നാളിതുവരെ മറുപടി ലഭിക്കാത്തതുമൂലം ഭൂമി തിരിച്ചുപിടിക്കുന്നതിനും മറ്റൊരു ഗുണഭോക്താവിന് നൽകുവാനും പഞ്ചായത്ത് തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടോ എന്ന് ആരാഞ്ഞതിന്, കളക്ടർ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ അന്ന് ചുമതല വഹിച്ചിരുന്ന

പഞ്ചായത്ത് സെക്രട്ടറിയുടെ ഡി.സി.ആർ.ജി.യിൽ പ്രസ്തുത തുക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായുള്ള ചർച്ചാവേളയിൽ അറിയാൻ കഴിഞ്ഞതെന്നും മേൽവിഷയത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കണമെന്ന് മാത്രമേയുള്ളൂവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

സ്ഥലം തിരിച്ചെടുക്കണമെന്ന് ടി കക്ഷി ആദ്യമേ ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ അനുവാദം ലഭിക്കാത്തതുമൂലമാണ് സ്ഥലം തിരിച്ചെടുക്കാത്തതെന്ന പഞ്ചായത്തിന്റെ വാദത്തിന് വിരുദ്ധമാണ് പഞ്ചായത്ത് ഡയറക്ടറുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറുപടിയെന്ന് അഭിപ്രായപ്പെട്ട സമിതി ഭൂമി തിരിച്ചുപിടിക്കാത്തതിന് കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു. ഭൂമി തിരിച്ചുപിടിക്കുന്നത് സംബന്ധിച്ചുള്ള റിക്വിസിഷൻ ലഭിച്ചത് 31-12-2008-ലാണെന്നും 2009 ഫെബ്രുവരിയിൽ തന്നെ ഇതിന്മേലുള്ള നടപടി ആരംഭിച്ചുവെന്നും വടകര തഹസീൽദാർ (ആർ.ആർ) ആണ് അന്വേഷണം നടത്തിയതെന്നും അന്വേഷണത്തിൽ ടി കക്ഷിയുടെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നുംതന്നെയില്ലെന്ന് കണ്ടെത്തിയതിനാൽ തുടർനടപടി നിലച്ചിരിക്കുകയാണെന്നും കോഴിക്കോട് എ.ഡി.എം. അറിയിച്ചു. ടി കക്ഷി പഞ്ചായത്തിൽ നിന്നും 'സ്ഥലം വാങ്ങൽ പദ്ധതി' പ്രകാരം ധനസഹായം കൈപ്പറ്റിയെങ്കിലും അത് ഉപയോഗിച്ച് ഭൂമി വാങ്ങിയിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടി കക്ഷിയുടെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നുംതന്നെയില്ലെന്ന റിപ്പോർട്ട് ആരിൽ നിന്നാണ് ലഭിച്ചതെന്ന സമിതിയുടെ ചോദ്യത്തിന്, കാവിലുംപാറ പഞ്ചായത്തിലെ വില്ലേജുകൾ ഉൾപ്പെടുന്ന സബ് രജിസ്ട്രാർ ഓഫീസിലെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നുമാണ് ടിയാന്റെ പേരിൽ ഭൂമിയോ മറ്റ് സ്ഥാവര ജംഗമ വസ്തുക്കളോ ഇല്ലെന്ന് കണ്ടെത്തിയതെന്നും ടിയാന്റെ മാതാപിതാക്കളുടെ പേരിൽ 12 സെന്റ് സ്ഥലമുണ്ടെന്നും അതിന് അഞ്ച് അവകാശികളുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞെന്നും തഹസീൽദാർ സമിതിയെ അറിയിച്ചു. അങ്ങനെയാണെങ്കിൽ, സ്വന്തമായി സ്ഥലമുണ്ടായിരുന്ന ആളിന് 'സ്ഥലം വാങ്ങൽ പദ്ധതി' പ്രകാരം ധനസഹായം നൽകിയെന്നുള്ള ഓഡിറ്റ് പരാമർശം ഉണ്ടായതെങ്ങനെയെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ആരായുകയും ടിയാന്റെ പിതാവിന്റെ പേരിൽ 7 സെന്റും മാതാവിന്റെ പേരിൽ 5 സെന്റും ഉള്ളതുകൊണ്ടാണ് ടി കക്ഷി അനർഹനായതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വിശദീകരിക്കുകയും ചെയ്തു.

'ടിയാന്റെ പേരിൽ സ്വന്തമായി ഭൂമിയുണ്ട്' എന്ന ഓഡിറ്റിന്റെ കണ്ടെത്തലുകളോട് വിയോജിച്ച സമിതി അച്ഛന്റെയും അമ്മയുടെയും പേരിലുള്ള വസ്തു ടിയാന് നൽകണമെന്ന് നിബന്ധനയുണ്ടോയെന്നും ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങളിൽ അത് വ്യക്തമാക്കിയിട്ടുണ്ടോയെന്നും ആരാഞ്ഞു. സ്വന്തമായി ഭൂമിയില്ലാത്തതും ഭവനരഹിതരുമായിട്ടുള്ളവർക്കാണ് ധനസഹായം നൽകേണ്ടതെന്നാണ് നിർദ്ദേശമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മറുപടി നൽകി.

ഓഡിറ്റിന്റെ കണ്ടെത്തലുകളിലും പഞ്ചായത്ത് ഡയറക്ടറുടെയും വകുപ്പിന്റെയും നടപടികളിലും വ്യക്തതയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഇക്കാര്യത്തിൽ എന്ത് പരിഹാരമാണ് നിർദ്ദേശിക്കുവാനുള്ളതെന്ന് ആരാഞ്ഞു. ടിയാന് സ്വന്തമായി ഭൂമിയില്ലെന്നും മാതാവിന്റെയോ പിതാവിന്റെയോ പേരിലുള്ള സ്വത്ത് ടി കക്ഷിക്ക് ലഭിക്കാൻ സാദ്ധ്യതയില്ലെന്നും ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോഴാണ് പഞ്ചായത്ത് ധനസഹായം നൽകുവാൻ തീരുമാനിക്കുന്നതെന്ന് ജൂനിയർ സൂപ്രണ്ട് വടകര തഹസീൽദാർ (ആർ.ആർ.) ഓഫീസ് സമിതിയെ അറിയിച്ചു.

മാതാപിതാക്കൾ ജീവിച്ചിരിക്കുന്നിടത്തോളംകാലം ടി കക്ഷിക്ക് അവരുടെ സ്വത്തിന് അവകാശമില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ആയതിനെ സംബന്ധിച്ച് ഓഡിറ്റിന്റെ നിഗമനങ്ങൾ ശരിയല്ലെന്നും; 'സ്ഥലം വാങ്ങൽ പദ്ധതി' യുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്വന്തമായി ഭൂമിയും ഭവനവും ഉള്ളവർമാത്രമാണ് പ്രസ്തുത ധനസഹായത്തിന് അനർഹരാകുന്നതെന്നും; ടിയാന്റെ പേരിൽ ഭൂമിയില്ല എന്നുള്ള സർട്ടിഫിക്കറ്റ് വാങ്ങിയശേഷമാണ് കക്ഷി ധനസഹായത്തിന് അപേക്ഷ നൽകിയതെന്നും ചൂണ്ടിക്കാട്ടി.

ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക തിരിച്ചുപിടിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ ഈ വിഷയം പരിശോധിക്കണമെന്നും പഞ്ചായത്ത് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തി നിജസ്ഥിതി കണ്ടെത്തണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും ഓഡിറ്റിനെ കാര്യങ്ങൾ ബോധ്യപ്പെടുത്തണമെന്നും സമിതി ആവശ്യപ്പെട്ടു. "ടിയാൻ അവിവാഹിതനും കുടുംബത്തോടൊപ്പം താമസിക്കുന്നതുകൊണ്ടും നിലവിലെ സർക്കാർ ഉത്തരവിനനുസൃതമല്ലാതെ ധനസഹായം അനുവദിച്ചതുകൊണ്ടും നിരാകരിക്കുന്നു" എന്നതാണ് ഓഡിറ്റ് തടസ്സമെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് നടപടിയിലേക്ക് നീങ്ങിയതെന്നും വ്യക്തമാക്കിയ പഞ്ചായത്ത് ഡയറക്ടർ ഇത് സംബന്ധിച്ച് അന്വേഷണം നടത്താമെന്ന് അറിയിച്ചു.

## 18-12-2013-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.10.6 പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമഗ്രമായ അന്വേഷണം നടത്തി രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകുവാനും കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.10.7 പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമഗ്രമായ അന്വേഷണം നടത്തി രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും നഷ്ടതുക ഈടാക്കി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു.**

അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും**

**ഖണ്ഡിക നമ്പർ 4**

ശിപാർശ

3.1.1 1997-98-ൽ പുറമേരി ഗ്രാമപഞ്ചായത്തിലെ കൃഷി ഭവന് കീഴിൽ വാഴക്കൃഷി (നേന്ത്രൻ, നാടൻ) നെൽക്കൃഷി പരിപോഷണ പദ്ധതി, കുറ്റിമുല്ല കൃഷി എന്നീ പദ്ധതികളിൽ രാസവളം നൽകുന്നതിന് സബ്സിഡി ഇനത്തിൽ അനുവദിച്ച തുക സർവ്വീസ് സഹകരണ ബാങ്കുകളിലേക്ക് നാല് ചെക്കുകളിലായാണ് നൽകിയിരുന്നതെന്നും പരാമർശ വിധേയമായ ചെക്ക് ഉൾപ്പെടെ 3,73,767/- രൂപ സബ്സിഡി ഇനത്തിൽ കൈമാറിയതിൽ 3,57,726.10 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിവിധ ഇനങ്ങളിൽ കർഷകർ കൈപ്പറ്റാതെ അവശേഷിച്ച തുക (16,040.90 രൂപ) പുറമേരി സർവ്വീസ് ബാങ്ക് സെക്രട്ടറിയിൽ നിന്നും തിരികെ വാങ്ങി 28-7-2000-ന് 34419 നമ്പർ രസീത് ബുക്കിൽ 11-ാം നമ്പർ രസീതായി ചേർത്ത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നുമാണ് പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഇതിന്റെ നിജസ്ഥിതി ആഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.1.2 പരാമർശവിധേയമായ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച വിവരം ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17-3-2006-ലെ എൽ.എഫ്.35802(2)/സ്പെഷ്യൽ സെൽ (ജി1)/2004 പ്രകാരം ഒഴിവാക്കിയിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.1.3 പഞ്ചായത്ത് ഫണ്ടിലേക്ക് തുക തിരിച്ചടച്ചത് പ്രാദേശികമായി പരിശോധിച്ച് ബോധ്യപ്പെട്ടതാണ്.

**ഖണ്ഡിക നമ്പർ 5**

<u>ശിപാർശ</u>

3.2.1 ആഡിറ്റ് ഖണ്ഡികയ്ക്ക് വ്യക്തമായ മറുപടി യഥാസമയം നൽകിയിരുന്നെങ്കിൽ ഈ പരാമർശം ഒഴിവാകുമായിരുന്നുവെന്നും ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.2.2 ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.2.3 ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി തന്നതിനാൽ പ്രത്യേക അഭിപ്രായമില്ല.

**ഖണ്ഡിക നമ്പർ 16**

<u>ശിപാർശ</u>

3.3.1 പ്രസ്തുത പ്രവൃത്തികളെ സംബന്ധിച്ച ഭൗതിക പരിശോധനയിൽ മാക്കഞ്ചേരി കോളനി കുടിവെള്ള പദ്ധതി (ഓഡിറ്റ് പരാമർശത്തിൽ 20-ാം നമ്പരായി ഉൾപ്പെട്ടത്) ഒഴികെയുള്ളതെല്ലാം പൂർത്തീകരിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിൽപ്പെട്ട 8 കുടിവെള്ള പദ്ധതികളിൽ ഒന്നൊഴികെയുള്ളതെല്ലാം പരാജയമായിരുന്നു എന്ന വസ്തുത ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയും നിരീക്ഷണവും അർഹിക്കുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.3.2 ഓഡിറ്റ് പരാമർശത്തിലെ 8 കുടിവെള്ള പദ്ധതികളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഓഡിറ്റിൽ 20-ാം നമ്പരായി ചേർത്ത കക്കഞ്ചേരി കോളനി കുടിവെള്ള പദ്ധതിയുടെ പേര് 1997-98-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതി എന്ന് തെറ്റായി ചേർത്തതാണ് പദ്ധതി നടന്നില്ലെന്ന പരാമർശത്തിന് ഇടയായത്. മാക്കഞ്ചേരി എന്നുള്ള ഒരു പ്രദേശമേ ഗ്രാമപഞ്ചായത്തിൽ ഇല്ല. ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പുതിയ ഒന്നാം വാർഡിൽ കക്കഞ്ചേരിയിലാണ് പദ്ധതി നിലനിൽക്കുന്നത്.

രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ കമ്മിറ്റിയാണ് നിലവിൽ പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്. 65 പേർ പദ്ധതി ഗുണഭോക്താക്കളാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.3.3 ഗ്രാമപഞ്ചായത്തിന്റെ മറുപടി ശരിയാണ്. കക്കഞ്ചേരി കുടിവെള്ള പദ്ധതി എന്നാണ് യഥാർത്ഥ പേര് (പമ്പ് ഹൗസ് നമ്പർ 1/94). കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**ഖണ്ഡിക നമ്പർ 18**

ശിപാർശ

3.4.1 1,48,360/- രൂപ മുൻകൂറായും ഭാഗികമായ ചെലവായും നൽകിയിട്ടുള്ള മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതി നടപ്പാക്കിയതായി യാതൊരു രേഖയും ലഭ്യമല്ലാത്തതിനാലും, ഇങ്ങനെയൊരു പദ്ധതി പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കിയതായി അന്വേഷണത്തിൽ അറിയാൻ സാധിക്കാത്തതിനാലും ഇത് സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണത്തിന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.4.2 1997-98-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതി എന്ന് തെറ്റായി ചേർത്തതാണ് പദ്ധതി നടന്നില്ലെന്ന പരാമർശത്തിന് ഇടയായത്. മാക്കഞ്ചേരി എന്നുള്ള ഒരു പ്രദേശമേ ഗ്രാമപഞ്ചായത്തിൽ ഇല്ല. ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പുതിയ ഒന്നാം വാർഡിൽ കക്കഞ്ചേരിയിലാണ് പദ്ധതി നിലനിൽക്കുന്നത്.

രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ കമ്മിറ്റിയാണ് നിലവിൽ പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്. 65 പേർ പദ്ധതി ഗുണഭോക്താക്കളാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.4.3 ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കക്കഞ്ചേരി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണ്.

**ഖണ്ഡിക നമ്പർ 21**

ശിപാർശ

3.5.1 സംയോജിത നെൽക്കൃഷി വികസന പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും വാങ്ങിയ ട്രാക്ടറും ടില്ലറും പാടശേഖര സമിതിയ്ക്ക് കൈമാറിയെന്ന് പറയുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. പവർ ടില്ലർ കരാർ വച്ചാണോ കൈമാറിയതെന്നോ, മൂലധന നിക്ഷേപം തിരികെ ലഭിക്കുന്നതിന് പദ്ധതിയിൽ

വ്യവസ്ഥയുണ്ടാക്കിയിരുന്നോ എന്ന കാര്യവും വ്യക്തമല്ലാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഫയലും പദ്ധതി രേഖകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ വിശദമായി പരിശോധിച്ച് ഭൗതിക പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്**

3.5.2 ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ പ്രാദേശിക പരിശോധന നടത്തിയെങ്കിലും പദ്ധതി രേഖ, ബന്ധപ്പെട്ട ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ പവർ ടില്ലർ കരാർ വച്ചാണോ കൈമാറിയിട്ടുള്ളതെന്നും മൂലധന നിക്ഷേപം തിരികെ ലഭിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നോ എന്ന കാര്യവും പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

പവർ ടില്ലർ നേരിട്ട് പരിശോധിച്ചു. പാടശേഖര സമിതി കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തുകൊള്ളുന്നു.

**ഖണ്ഡിക നമ്പർ 25**

<u>ശിപാർശ</u>

3.6.1 വനിതാ പ്രിന്റിംഗ് പ്രസ്സ് പദ്ധതിയ്ക്കായി പ്രൊമോട്ടർക്ക് അനുവദിച്ച തുക ആഡിറ്റ് പരാമർശം വന്നതിനുശേഷം മാത്രമാണ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും തുക തിരിച്ചടച്ച സാഹചര്യത്തിലും ലോക്കൽ ഫണ്ട് ആഡിറ്റ് സർചാർജ്ജ് ഒഴിവാക്കിയതിനാലും മേൽ പരാമർശം സംബന്ധിച്ച നടപടി അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.6.2 കോഴിക്കോട് ജില്ലാ ഓഡിറ്റ് മേധാവിയുടെ 13-3-2014-ലെ എൽ.എഫ്.കെ. കെ.ഡി.എസ്1/377/14(1) നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിരിക്കുന്നു.

**ഖണ്ഡിക നമ്പർ 33, 34, 35**

<u>ശിപാർശ</u>

3.7.1 നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടം പുതുക്കി പണിയാനാണ് പ്രോജക്ട് എങ്കിലും കെട്ടിടം നന്നാക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പഴയ കെട്ടിടം പൊളിച്ചുമാറ്റി പകരം കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കമ്മിറ്റി അവർ വാങ്ങിയ അഡ്വാൻസും നിർമ്മാണത്തിന് സംഘടിപ്പിച്ച

വസ്തുക്കളും പുതുക്കിയ കെട്ടിടത്തിന് ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്, പഞ്ചായത്ത് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയാണുണ്ടായത്. എന്നാൽ പഴയ കെട്ടിടം റിപ്പയർ ചെയ്യുന്നതിന് ഗുണഭോക്തൃ കമ്മിറ്റിയെ അധികാരപ്പെടുത്തുകയോ, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഉള്ള എഗ്രിമെന്റിൽ ഏർപ്പെടുകയോ, ചെയ്യാതെയുമാണ് നിർവ്വഹണ സമിതി കെട്ടിടം നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. അതുപോലെ കമ്മിറ്റിയുടെ കണക്ക് പരിശോധിക്കാതെയും ചെലവ് തിട്ടപ്പെടുത്താതെയും കെട്ടിടം പൂർത്തിയായ ഉടൻ എഞ്ചിനീയർ നിർണ്ണയിച്ച മൂല്യം മുഴുവനായും കമ്മിറ്റിക്ക് നൽകിയതായും സമിതി മനസ്സിലാക്കുന്നു. ഈ നടപടിക്രമങ്ങൾ ക്രമവിരുദ്ധമാണ്.

3.7.2 കെട്ടിടം പണിക്കായി കൺവീനർക്ക് അഡ്വാൻസായി നൽകിയ സംഖ്യ ബാങ്കിൽ നിക്ഷേപിക്കുക വഴി കമ്മിറ്റിയുടെ അക്കൗണ്ടിൽ പലിശയിനത്തിൽ 29,501 രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. ഇത് പഞ്ചായത്തിനുള്ള വരവായി കണക്കാക്കി ആകെ ബിൽ സംഖ്യയിൽ ഈ സംഖ്യ കുറവുചെയ്യേണ്ടതാണ്. എന്നാൽ ഈ തുക പരിഗണിക്കാതെയാണ് നിർണ്ണയിക്കപ്പെട്ട വാല്യൂ മുഴുവൻ കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ പദ്ധതിപ്പണം ബാങ്കിൽ നിക്ഷേപിക്കുക വഴി കമ്മിറ്റിയുടെ അക്കൗണ്ടിൽ പലിശയിനത്തിൽ വരാവുന്ന 29,501 രൂപയും, 1-10-2001 മുതൽ 31-3-2002 വരെയുള്ള 6 മാസത്തെ പലിശയും (ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതെ പോയ 3,200 രൂപ ഉൾപ്പെടെയുള്ള തുക) കമ്മിറ്റിക്ക് അധികമായി നൽകിയതായി കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.7.3 ഗുണഭോക്തൃ സമിതിയിൽ നിന്നും പ്രസ്തുത തുക ഈടാക്കിയെങ്കിൽ ആയതിന്റെ വിശദാംശങ്ങളും തുക ഈടാക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച നടപടി റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**9-2-2010-ലെ സമിതിയോഗ തീരുമാനം**

3.7.4 പരാമർശ വിധേയനായ ശ്രീ. എൻ. എ. ഹരിദാസൻ സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് വേണ്ടി ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ തുക ബാങ്കിൽ നിക്ഷേപിച്ചതിൽ നിന്നും പലിശയിനത്തിൽ ലഭിച്ച തുക കെട്ടിട നിർമ്മാണത്തിനായി വിനിയോഗിക്കുകയും പ്രസ്തുത തുക ദുർവിനിയോഗം ചെയ്യുകയോ വ്യക്തിപരമായ നേട്ടങ്ങൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക നമ്പർ 40**

<u>ശിപാർശ</u>

3.8 ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

**ഖണ്ഡിക നമ്പർ 43**

<u>ശിപാർശ</u>

3.9.1 ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 10-8-2005-ലെ കെ.കെ.ഡി.എസ്. 473/05-ാം നമ്പർ ഉത്തരവ് പ്രകാരം തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.9.2 കോഴിക്കോട് ജില്ലാ ഓഡിറ്റ് മേധാവിയുടെ 3-12-2016-ലെ കെ.എസ്.എ.കെ.കെ.ഡി.എസ്.1/2181/2016-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിരിക്കുന്നു.

**ഖണ്ഡിക നമ്പർ 47**

<u>ശിപാർശ</u>

3.10.1 സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.10.2 കോഴിക്കോട് ജില്ലാ ഓഡിറ്റ് മേധാവിയുടെ 3-12-2016-ലെ കെ.എസ്.എ.കെ.കെ.ഡി.എസ്.1/2181/2016-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിരിക്കുന്നു.

**ഖണ്ഡിക നമ്പർ 50**

<u>ശിപാർശ</u>

3.11.1 ഓഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.11.2 കോഴിക്കോട് ജില്ലാ ഓഡിറ്റ് മേധാവിയുടെ 3-12-2016-ലെ കെ.എസ്.എ.കെ.കെ.ഡി.എസ്1/2181/2016-ാം നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിരിക്കുന്നു.

**ഖണ്ഡിക നമ്പർ 56, 57**

<u>ശിപാർശ</u>

3.12.1 ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ജനകീയാസൂത്രണ പദ്ധതിയുടെ നിർവ്വഹണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണെന്നും ഇത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണെന്നും സമിതി അഭിപ്രായപ്പെടുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

3.12.2 പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി പീസ് റേറ്റിൽ ഒരാൾക്ക് തന്നെ കൊടുത്തതുമൂലം പഞ്ചായത്തിന് നഷ്ടമായ 53,822/- രൂപ ആ കാലഘട്ടത്തിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി പി. വള്ളിയിൽ നിന്നും തിരിച്ചു പിടിക്കാൻ പഞ്ചായത്ത് വകുപ്പ് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദവിവരം സമിതിയെ അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.12.3 ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നിർവ്വഹണം സംബന്ധിച്ച് കരാറുകാരന് അധികം നൽകിയ തുക 53,822 രൂപയിൽ 25,000/- രൂപ 23-11-2005-ന് രസീത് നമ്പർ 48682/42 പ്രകാരവും ബാക്കി 28,822 രൂപ 30-5-2007-ന് 22757/86 നമ്പർ രസീത് പ്രകാരവും അടവാക്കിയിട്ടുണ്ട്.

ശ്രീമതി പി. വള്ളിയുടെ കാര്യത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടില്ല. തിരിച്ചടയ്ക്കേണ്ട തുക പഞ്ചായത്തിൽ അടവാക്കിയതിനാൽ ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കുന്നതിനായി അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.12.4 പ്രാദേശിക പരിശോധനയിൽ 23-11-2005-ന് 48682/40 നമ്പർ രസീത് പ്രകാരം 25,000/- രൂപയും 30-5-2007-ന് 22757/86 നമ്പർ രസീത് പ്രകാരം 28,822/- രൂപയും അടക്കം ആകെ 53,822/- രൂപ തിരിച്ചടച്ചത് ബോധ്യപ്പെട്ടിട്ടുണ്ട്. തുക തിരിച്ചടച്ചതിനാൽ ശ്രീമതി പി. വള്ളിയുടെ പേരിൽ നടപടി കൈക്കൊണ്ടിട്ടില്ല.

**ഖണ്ഡിക നമ്പർ 63**

ശിപാർശ

3.13.1 ഫറോക്ക് ഗ്രാമപഞ്ചായത്ത് കെട്ടിട വാടക കുടിശ്ശിക ഈടാക്കുന്നതിന് വീഴ്ച വരുത്തിയതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം (പലിശ ഉൾപ്പെടെ) ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിശദ വിവരം സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.13.2 1985-86 വർഷം ഫറോക്ക് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ബി-1 നമ്പർ മുറിയുടെ കൈവശക്കാരനായിരുന്ന ശ്രീ. കെ. അബ്ദുൾ അസീസ് എന്നയാൾ വാടക കുടിശ്ശിക ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 8250/- രൂപയും ആയതിന്റെ പലിശ ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 2614 രൂപയും, 1986-87 വർഷത്തിൽ മേൽ നമ്പർ മുറിയുടെ തന്നെ കൈവശക്കാരനായിരുന്ന ശ്രീ. കെ. അപ്പു എന്നയാൾ വാടക കുടിശ്ശിക

ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 9135 രൂപയും ആയതിന്റെ പലിശ ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 1240 രൂപയും, കൂടി ആകെ 21,239 രൂപയുടെ ബാദ്ധ്യതയാണ് ഈ ഇനത്തിൽ ഓഡിറ്റിൽ നിർണ്ണയിച്ചിരുന്നത്.

1 – കെ. അബ്ദുൾ അസീസ്- വാടക 8250 + പലിശ 2614 ആകെ -10864.00

2 – കെ. അപ്പു - വാടക 9135 + പലിശ 1240 ആകെ -10375.00
ആകെ - വാടക 17385 + പലിശ 3854 ആകെ- 21239

കെ. അബ്ദുൾ അസീസ്-ൽ നിന്നും തുക വസൂൽ ചെയ്ത് കിട്ടുന്നതിന് വേണ്ടി കോഴിക്കോട് മുൻസിഫ് കോടതിയിൽ ഒ.എസ്. നമ്പർ 751/87 നമ്പരായി ഒരു കേസ് ഫയൽ ചെയ്യുകയും, പിന്നീട് പ്രസ്തുത കേസിന്മേലുള്ള വിധി നടപ്പാക്കി കിട്ടുന്നതിന് കോഴിക്കോട് മുൻസിഫ് കോടതിയിൽ ഇ.പി. നമ്പർ 117/05 ആയി മറ്റൊരു കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും, പ്രസ്തുത ഇ.പി. പെറ്റീഷൻ പഞ്ചായത്തിന് എതിരായി തള്ളപ്പെടുകയാണുണ്ടായത്.

മേൽ കാണിച്ച പ്രകാരം കെ. അബ്ദുൾ അസീസ് അടയ്ക്കേണ്ടിയിരുന്ന 10864 രൂപയിൽ 4850 രൂപ, ടിയാൻ വാടക ഡെപ്പോസിറ്റ് ഇനത്തിൽ പഞ്ചായത്തിൽ അടച്ച തുകയിൽ നിന്നും 9-12-2008-ാം തീയതി ടി.ഇ. വൗച്ചർ നമ്പർ 20/12-08 പ്രകാരം വരവ് പിടിച്ചിട്ടുണ്ടെന്നും, ബാക്കിയുള്ള തുക 6,014 രൂപ 10-12-2008-ാം തീയതി രസീത് നമ്പർ 13728/26 പ്രകാരം പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

മേൽ കാണിച്ച പ്രകാരം ശ്രീ. കെ. അപ്പു അടയ്ക്കേണ്ടിയിരുന്ന 10,375 രൂപയിൽ 9135 രൂപ, പഞ്ചായത്തിന്റെ അന്നത്തെ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. കെ. കൃഷ്ണൻകുട്ടി നായരുടെ ബാദ്ധ്യതയായി നിർണ്ണയിച്ചതനുസരിച്ച് ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും വസൂൽ ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടച്ചിരുന്നു. ഈ ഇനത്തിൽ പിന്നീട് അടയ്ക്കാൻ ബാക്കിയുള്ള 1240 രൂപയിൽ 1000 രൂപ ശ്രീ. അപ്പു എന്നയാൾ വാടക ഡെപ്പോസിറ്റ് ഇനത്തിൽ പഞ്ചായത്തിൽ അടച്ച തുകയിൽ നിന്നും 9-12-2008-ാം തീയതി ടി.ഇ. വൗച്ചർ നമ്പർ 20/12-08 പ്രകാരം വരവ് പിടിച്ചിട്ടുണ്ടെന്നും, ബാക്കിയുള്ള തുക 240 രൂപ 9-12-2008-ാം തീയതി രസീത് നമ്പർ 13727/83 പ്രകാരം പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിലെ 11-12-2008 തീയതിയിലെ 3379/04 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ കുടിശ്ശിക ഇനത്തിൽ ഫറോക്ക് ഗ്രാമപഞ്ചായത്തിന് വന്ന നഷ്ടം പൂർണ്ണമായും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കിയിട്ടുള്ളതായ വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.13.3 ശ്രീ. കെ. കൃഷ്ണൻകുട്ടി എക്സിക്യൂട്ടീവ് ഓഫീസറുടെ ബാധ്യതയായി നിജപ്പെടുത്തിയ 9135 രൂപ ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്ന് 20-6-2003-ന് പഞ്ചായത്ത് ഫണ്ടിൽ വരവ് പിടിച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടു.

ശ്രീ. കെ. അപ്പുവിൽ നിന്ന് 1000 രൂപ ടി.ഇ. വൗച്ചർ നമ്പർ 20-12-2008 പ്രകാരം വരവ് പിടിച്ചു. ശ്രീ. കെ. അപ്പുവിൽ നിന്ന് 240 രൂപ രസീത് നമ്പർ 13727/83 9-12-2008 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയത് പരിശോധിച്ച് ഉറപ്പുവരുത്തി. ശ്രീ. കെ. അബ്ദുൾ അസീസിൽ നിന്ന് 4850 രൂപ 9-12-2008-ലെ ടി.ഇ. വൗച്ചർ നമ്പർ 20/12-08 പ്രകാരം വരവ് പിടിച്ചത് പരിശോധിച്ച് ഉറപ്പുവരുത്തി.

**ഖണ്ഡിക നമ്പർ 80, 81**

<u>ശിപാർശ</u>

3.14.1 പദ്ധതിപ്പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് അതിൽ നിന്നും തുക പിൻവലിച്ച് കൈവശം സൂക്ഷിക്കുകയും പദ്ധതി നിർവ്വഹണം നടത്തുകയുമാണ് നിർവ്വഹണോദ്യോഗസ്ഥനായ മുൻ കൃഷി ഓഫീസർ ചെയ്തിരിക്കുന്നത്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്നും, മേലിൽ ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ സമിതി അംഗീകരിക്കുന്നതല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

3.14.2 നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ പയ്യോളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 5-4-1999-ന് പിൻവലിച്ച 10,000/- രൂപയിൽ 8714.75 രൂപ കിഴിച്ച് ബാക്കി 1285.25 രൂപയുടെ ചെലവ് ക്യാഷ് ബുക്ക് പ്രകാരം കുറവ് കണ്ടത് സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം ആരായുവാനും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. സുകുമാരൻ, കൃഷി ഓഫീസർ (റിട്ട.)-ൽ നിന്നും തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.14.3 ശ്രീ. വി. എം. സുകുമാരൻ, മുൻ കൃഷി ഓഫീസർ 1285.25 രൂപ 22603/84 തീയതി 27-4-2008 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.14.4 ശ്രീ. വി. എം. സുകുമാരൻ, മുൻ കൃഷി ഓഫീസർ രസീത് നമ്പർ 22603/84 പ്രകാരം അടച്ച 1285.25 രൂപ പരിശോധിച്ച് ബോധ്യപ്പെട്ടു.

## ഖണ്ഡിക നമ്പർ 106

<u>ശിപാർശ</u>

3.15.1 ബസ് സ്റ്റാന്റ് ടാറിംഗിനായി ബി.എൽ.ഇ.സി. അംഗീകാരത്തിന് വിരുദ്ധമായി കരാറുകാരന് ടാറിന്റെ വില വ്യത്യാസമായി നൽകിയ 14,776 രൂപ പലിശ സഹിതം കരാറുകാരനിൽ നിന്നീടാക്കുവാനും അല്ലാത്ത പക്ഷം കരാറുകാരന് ക്രമരഹിതമായി തുക അനുവദിച്ച അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും പിഴപലിശ സഹിതം തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.15.2 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി ശോഭനാറാണി, ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളായിരുന്ന അഡ്വ. പി. ചാത്തുക്കുട്ടി, കെ.എ.ഖാദർ, കെ. ശശിധരൻ, എൻ.പി. ഹംസ, എലിസബത്ത് ജോൺ, സി.ടി. രമണി, എം. കൃഷ്ണൻ നമ്പ്യാർ എന്നിവർ യഥാക്രമം 18-12-2008, 13-8-2009, 17-9-2009, 23-9-2009, 29-9-2009, 29-9-2009, 7-10-2009, 8-10-2009 തീയതികളിൽ തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. ഇനിയും തുക അടച്ചിട്ടില്ലാത്തവരിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരം കരാറുകാരന് അധികമായി നൽകിയ തുക ഇനത്തിൽ 1056 (ആയിരത്തി അൻപത്തിയാറ്) രൂപയും 29-9-2009 വരെയുള്ള പലിശയിനത്തിൽ 1806 (ആയിരത്തി എണ്ണൂറ്റിയാറ്) രൂപയും ആകെ 2862 (രണ്ടായിരത്തി എണ്ണൂറ്റി അറുപത്തി രണ്ട്) രൂപ 30-9-2009 മുതൽ പതിനെട്ട് ശതമാനം പലിശ സഹിതം റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് ഈടാക്കി നൽകണമെന്ന് 24-9-2009 തീയതിയിലെ എ 4-3971/2009 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.15.3 ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി ശോഭനാ റാണിയും ഏഴ് ഭരണ സമിതി അംഗങ്ങളും തുക തിരിച്ചടച്ചത് പരിശോധിച്ച് ഉറപ്പുവരുത്തി. പണം അടയ്ക്കാത്ത എട്ട് ഭരണ സമിതി അംഗങ്ങളിൽ നിന്ന് റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിച്ചെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. സെക്രട്ടറിയുടെ 24-9-2009-ലെ എ 4 -3971/09 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിയ്ക്ക് ശിപാർശ ചെയ്തെങ്കിലും അപാകത കാരണം ഫയൽ തിരിച്ചയയ്ക്കുകയും 8-1-2010-ലെ എ 4.3971/09 നമ്പർ കത്ത് പ്രകാരം പുനഃസമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് നടപടികളൊന്നും ഉണ്ടായിട്ടില്ല എന്നുള്ള വിവരം അനന്തര നടപടികൾക്കായി അറിയിച്ചുകൊള്ളുന്നു.

### 4-12-2013-ലെ യോഗം ആരാഞ്ഞ അധികവിവരം

3.15.4 കരാറുകാരന് അധികമായി ഫണ്ട് നൽകിയ ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക കൂടി എത്രയും വേഗം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ആവശ്യപ്പെട്ടു.

### 4-12-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

3.15.5 തുക ഈടാക്കാൻ ബാക്കിയുണ്ടായിരുന്ന 4 മെമ്പർമാരിൽ നിന്നും തുക ഈടാക്കിയതിന്റെ വിവരം താഴെപ്പറയും പ്രകാരം ബോധിപ്പിക്കുന്നു:

| പേര് | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| ഉഷാകുമാരി | 37284/11 | 11-7-2011 | 3658 |
| അഹമ്മദ്കുട്ടി അരയങ്കോട് | 37284/12 | 11-7-2011 | 3635 |
| കെ. സുഭാഷിണി | 37284/13 | 11-7-2011 | 3635 |
| മൊയ്തീൻകോയ ഇ.പി. | 40380/80 | 2-3-2012 | 3935 |

സെക്രട്ടറിയും 13 മെമ്പർമാരും അടക്കം 14 പേരിൽ നിന്നും മുതൽ ഇനത്തിൽ 14,776 രൂപയും പലിശയിനത്തിൽ 25,952 രൂപയുമടക്കം ആകെ 40,728 രൂപ ഈടാക്കിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.15.6 മറുപടിയിൽ വിവരിച്ച നാല് മെമ്പർമാരിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് അസ്സൽ രസീതുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 113

<u>ശിപാർശ</u>

3.16.1 സ്റ്റോർ പർച്ചേയ്സ് ചട്ടം ലംഘിച്ച് പർച്ചേയ്സ് നടത്തിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ നഷ്ടം സംഭവിച്ച തുക അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ജ്യോതി ബസുവിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### 10-6-2009-ലെ സമിതിയോഗ നിർദ്ദേശം

3.16.2 ശ്രീ. ജ്യോതി ബസു സമിതിയ്ക്ക് സമർപ്പിച്ച പരാതി സമിതിയുടെ 10-6-2009-ലെ യോഗത്തിൽ പരിഗണിക്കുകയും കാർഷിക പണിയായുധങ്ങൾ സപ്ലൈ ചെയ്യാനുള്ള കേരള ഹാർഡ്‌വെയേഴ്സിന്റെ ക്വട്ടേഷൻ അംഗീകരിച്ചത് ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 18-7-1997-ലെ 777-ാം നമ്പർ തീരുമാനപ്രകാരമായതിനാലും ശ്രീ. ജ്യോതി ബസു 30-7-1997-ൽ സ്ഥലം മാറി പോയതിനാലും ടിയാന്റെ പേരിൽ ബാധ്യത ചുമത്തേണ്ട തില്ലെന്ന് സമിതി തീരുമാനിച്ചു. പണിയായുധങ്ങൾ വാങ്ങിയത് സംബന്ധിച്ച് 15-5-1998-ലെ 148136 നമ്പർ ചെലാൻ പ്രകാരം 11,877 രൂപ അധിക കൂലി നൽകിയ സെക്രട്ടറിയാരാണെന്ന് കണ്ടെത്തി ടിയാനിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

### 10-6-2009-ലെ സമിതിയോഗ നിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി

3.16.3 ഓഡിറ്റ് പരാമർശത്തിനു വിധേയമായ ഫണ്ട് വിനിയോഗം നടത്തിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയല്ല നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറാണെന്ന് വ്യക്തമായി. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ബന്ധപ്പെട്ട കൃഷി ഓഫീസറായ ശ്രീ. ബി. ജെ. സന്തോഷ് ഇപ്പോൾ എറണാകുളം ജില്ലയിലെ അയ്യമ്പുഴ കൃഷി ഓഫീസിലാണ് ജോലി ചെയ്തുവരുന്നതെന്ന് അറിവായി. ബാധ്യതപ്പെട്ട തുക ഒടുക്കുന്നതിന് ടിയാന് 1-12-2010-ലെ എ-8042/10 നമ്പർ രജിസ്റ്റേർഡ് തപാലിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടിയൊന്നും ലഭിക്കുകയുണ്ടായില്ല. തുടർന്ന് എറണാകുളം ജില്ല പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറോട് ഇക്കാര്യത്തിൽ ആവശ്യമായ നടപടിയെടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 9-2-2011-ന് ഇതുസംബന്ധിച്ച വിവരം അടിയന്തരമായും ലഭ്യമാക്കുന്നതിനും അപേക്ഷിച്ചിരിക്കുകയാണ്. കൃഷി ഓഫിസർ ശ്രീ. ബി. ജെ. സന്തോഷിനെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫോണിലൂടെ ബന്ധപ്പെട്ട് വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൃഷി ഓഫീസറിൽ നിന്നും ബാധ്യതപ്പെട്ട തുക ഈടാക്കി ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായും സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഈ ഓഫീസിലെ 25-7-2011-ലെ സി5-696(13)/10 നമ്പർ കത്ത് പ്രകാരം എറണാകുളം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറോട് ആവശ്യപ്പെടുകയും യാതൊരു പ്രതികരണവുമില്ലാതെ വന്നപ്പോൾ 24-12-2011-ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ഇ-മെയിൽ മുഖാന്തിരം വീണ്ടും കത്തയക്കുകയും ചെയ്തു. തുടർന്നും യാതൊരു നടപടിയും സ്വീകരിക്കാതെ വന്നതിനാൽ അടിയന്തര നടപടിക്കായി കൃഷി വകുപ്പ് ഡയറക്ടറോട് ഈ ഓഫീസിലെ 4-1-2012-ലെ സി5-696(13)/07 നമ്പർ രജിസ്റ്റർ കത്തിലൂടെ

അപേക്ഷിക്കുകയും ചെയ്തു. തുടർന്നും കൃഷി വകുപ്പ് യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ വീണ്ടും 7-2-2013-നം സി5-696(13)/07 നമ്പർ നൽകിയെങ്കിലും ഇത് സംബന്ധിച്ച ബാധ്യതാ സംഖ്യയായ 11,877 രൂപ കൃഷി ഓഫീസർ ശ്രീ. ബി. ജെ. സന്തോഷിൽ നിന്നും റിക്കവറി നടത്തി ആ വിവരം ഈ ഓഫീസിൽ അറിയിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.16.4 ഓഡിറ്റ് പരാമർശത്തിന് വിധേയമായ പ്രോജക്ട് നിർവ്വഹിച്ചത് ആ സമയത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. അജയ് അലക്സ് ആയിരുന്നുവെന്നും എന്നാൽ സാധനങ്ങൾ നൽകിയ കമ്പനിയ്ക്ക് 15-5-1998-ലെ 148136 നമ്പർ ചെക്ക് നൽകിയത് കൃഷി ഓഫീസറുടെ അധിക ചാർജ്ജ് വഹിച്ചിരുന്ന ബി. ജെ. സന്തോഷ് ആയിരുന്നുവെന്നും കോഴിക്കോട് എ.ഡി.പി. ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ 14-10-2010-ലെ സി5-696(13)/07 നമ്പർ കത്തിലും ശ്രീ. ബി. ജെ. സന്തോഷ് 8-7-2011-ന് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്തിലും പറഞ്ഞിട്ടുണ്ട്.

ശ്രീ. ബി. ജെ. സന്തോഷിനോട് 1997-98-ലെ ഓഡിറ്റ് റിപ്പോർട്ടിലെ 31-ാം ഖണ്ഡികയിൽ പരാമർശിച്ച നഷ്ടം തിരിച്ചടയ്ക്കാൻ 19-11-2010-ലെ എ 8042/10 (1) രജിസ്റ്റേർഡ് കത്ത് (1-12-2010-ൽ അയച്ചു) പ്രകാരം ആവശ്യപ്പെട്ടു. തുടർന്ന് ടിയാൻ ജോലി ചെയ്യുന്ന എറണാകുളം ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് 9-2-2011-ലെ എ.8042/10 നമ്പർ കത്തും 13-7-2011-ന് ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ട്. എന്നാൽ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 25-7-2011-ന് അയച്ച സി5-696(13)/10 നമ്പർ കത്തും 24-12-2011-ന് ഇ-മെയിൽ അയച്ചതിന്റെ വിവരവും ഹാജരാക്കിയിട്ടില്ല. അതുപോലെ കൃഷി വകുപ്പ് ഡയറക്ടർക്ക് 4-1-2012-ൽ അയച്ച സി5-696(13)/07 നമ്പർ കത്ത്, 7-12-2013-ലെ സി5-6596(13)/07 നമ്പർ കത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22-2-2013-ലെ എ 1/8042/10 കത്ത് പ്രകാരം നഷ്ടത്തുക അടവാക്കുന്നതിന് ശ്രീ. ബി. ജെ. സന്തോഷിന് 15 ദിവസത്തെ സമയം നൽകുകയും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നും അറിയിപ്പ് കൊടുത്തതായി കാണുന്നു. തുക അടവാക്കുകയോ ആർ. ആർ. നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ 17-10-2013-ലെ ഇ 1/1506/12 നമ്പർ കത്തിൽ തിരുവനന്തപുരം കൃഷി ഡയറക്ടർക്ക് മേൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുന്നു.

### 14-12-2016-ലെ സമിതിയോഗ നിർദ്ദേശം

3.16.5 1997-98-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തുക ഈടാക്കുവാൻ 1-12-2010 മുതൽ അറിയിപ്പ് നൽകിയിട്ടും നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥൻ നിലവിൽ എറണാകുളം ജില്ലയിലെ അയ്യമ്പുഴ കൃഷി ഓഫീസിൽ ജോലി ചെയ്തുവരുന്ന വിവരം അറിവുണ്ടായിരുന്നിട്ടും ടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കുവാൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചതെന്ന് അഭിപ്രായപ്പെടുകയും ചെയ്ത സമിതി കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ 17-10-2013-ലെ കത്ത് പ്രകാരം നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടും കൃഷി വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കാതിരുന്ന സാഹചര്യത്തിൽ സമിതി ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 4-1-2017-ന് തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.

### 4-1-2017-ലെ സമിതി യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

3.16.6 ഓഡിറ്റ് കണ്ടെത്തിയ നഷ്ടത്തിനും ക്രമക്കേടിനും ഉത്തരവാദിയായ ശ്രീ. ബി. ജെ. സന്തോഷ്, നിലവിൽ അയ്യമ്പുഴ കൃഷി ഓഫീസിൽ ജോലി ചെയ്തുവരുന്ന വിവരം അറിവുണ്ടായിരുന്നിട്ടും പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും നാളിതുവരെ നഷ്ടത്തുക ഈടാക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും നഷ്ടത്തുക ഈടാക്കിയിട്ടുള്ളതായാണ് കാണുന്നതെന്ന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. 29-12-2016-ന് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഡി.ഡി.യായി നഷ്ടത്തുക തിരികെ നൽകിയതായി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

### 4-1-2017-ലെ സമിതി യോഗ നിർദ്ദേശം

3.16.7 സമിതി നിർദ്ദേശമുണ്ടായിട്ടും പല പ്രാവശ്യം കത്ത് മുഖേന ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിഷയത്തിൽ സമിതി തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചതിനുശേഷം മാത്രമാണ് നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടത്തുക തിരികെ പിടിക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിച്ചതെന്ന് സമിതി ചൂണ്ടിക്കാട്ടുകയും തിരിച്ചടച്ച തുകയുടെ രസീതികളും വൗച്ചറുകളും ഓഡിറ്റിനെ ബോധ്യപ്പെടുത്തി 15 ദിവസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

**4-1-2017-ലെ സമിതിയോഗ നിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി**

3.16.8 ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ശ്രീ. ബി. ജെ. സന്തോഷ് എന്നയാൾ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയായ 11,877 രൂപ 3-1-2017 തീയതിയിൽ 11601400013 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. ടി രസീതിന്റെ ഒറിജിനൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോടിന് 17-4-2017 തീയതിയിൽ പരിശോധനയ്ക്ക് ഹാജരാക്കുകയും ആയതിന്റെ പകർപ്പും ഓഡിറ്റ് ന്യൂനതാ പരിഹാര പത്രികയുടെ പകർപ്പും ഒഞ്ചിയം പഞ്ചായത്ത് സെക്രട്ടറിയുടെ 17-4-2017-ലെ എ 1-8042/10 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുണ്ടെന്നും കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.16.9 ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. ബി. ജെ. സന്തോഷ്, 11,877 രൂപ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

**ഖണ്ഡിക നമ്പർ 121**

<u>ശിപാർശ</u>

3.17.1 താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ 19,52,300 രൂപ അടങ്കലിൽ ആവിഷ്കരിച്ച 7 ജലസേചന പദ്ധതികളുടെ ഭൗതിക പരിശോധനയിൽ 4 പദ്ധതികൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നതായുള്ളൂ എന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്രവർത്തനരഹിതമായ മൂന്ന് പദ്ധതികൾ കൂടി സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.17.2 ഓഡിറ്റ് പരാമർശമനുസരിച്ച് പ്രവർത്തനക്ഷമമല്ലാത്ത 3 ജലസേചന പദ്ധതികളിൽ ഒന്നായ താമരശ്ശേരി ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പുലിക്കുന്ന് ജലസേചന പദ്ധതി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് പരിപാലനക്കമ്മിറ്റി പഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് പരിപാലനക്കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃപ്തികരമായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. മറ്റ് രണ്ട് ജലസേചന പദ്ധതികൾ താമരശ്ശേരി ഗ്രാമപഞ്ചായത്ത് വിഭജിച്ച് രൂപീകരിച്ച കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുകയാൽ ടി സെക്രട്ടറിയോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട്

ജലസേചന പദ്ധതികൾക്കും കിണർ, പമ്പ് ഹൗസ്, മോട്ടോർ, പൈപ്പ് കണക്ഷനുകൾ എന്നിവയുണ്ടെങ്കിലും നിലവിൽ പ്രവർത്തനരഹിതമാണെന്ന് കാണുന്നു. ഈ വിഷയം സംബന്ധിച്ച മേൽ നടപടികൾ കട്ടിപ്പാറ പഞ്ചായത്ത് വേണം സ്വീകരിക്കാൻ.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.17.3 പ്രാദേശിക പരിശോധനയിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന 3 പദ്ധതികളിൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പുലിക്കുന്ന് ജലസേചന പദ്ധതി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് പരിപാലന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നതായും മറ്റു രണ്ട് ജലസേചന പദ്ധതികൾ താമരശ്ശേരി ഗ്രാമപഞ്ചായത്ത് വിഭജിച്ചപ്പോൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടതായും ബോധ്യപ്പെട്ടിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും നാളിതുവരെ പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല.

**8-12-2009-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**

3.17.4 താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ ആവിഷ്കരിച്ച ജലസേചന പദ്ധതികളിൽ പ്രവർത്തനരഹിതമായ 3 പദ്ധതികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്ന ശിപാർശയിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത 3 പദ്ധതികളിൽ ഒന്നായ പുലിക്കുന്ന് ജലസേചന പദ്ധതി എല്ലാ പ്രവൃത്തിയും പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നതായും ബാക്കി രണ്ട് പദ്ധതികൾ താമരശ്ശേരി ഗ്രാമപഞ്ചായത്ത് വിഭജിച്ച് രൂപീകരിച്ച കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലാണ് ഇപ്പോൾ ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുള്ള വിവരം സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. അതോടൊപ്പം താമരശ്ശേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് നൽകിയ മറുപടി സമിതി അംഗീകരിച്ചു.

**8-12-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ സമർപ്പിച്ച മറുപടി**

3.17.5 1. <u>കട്ടിപ്പാറ കുടിവെള്ള പദ്ധതി</u>

സുഗമമായി പ്രവർത്തിച്ചു വരുന്നു. 65 ഗുണഭോക്താക്കൾ ടി പദ്ധതിക്കുണ്ട്.

2. <u>പൂലോട് ജലസേചന പദ്ധതി :</u> ഈ പദ്ധതി പ്രവർത്തിക്കുന്നില്ല.

**8-12-2009-ലെ യോഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രാദേശിക പരിശോധനാ റിപ്പോർട്ട്**

3.17.6 പ്രാദേശിക പരിശോധനയിൽ കട്ടിപ്പാറ ശുദ്ധജല വിതരണ പദ്ധതി, കട്ടിപ്പാറ കുടിവെള്ള പദ്ധതിയായി പരിഷ്കരിച്ച് ആയത് 7.5 എച്ച്. പി. മോട്ടോർ സ്ഥാപിച്ച്

പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കിണർ, പമ്പ്ഹൗസ് എന്നിവയും ജലവിതരണ പൈപ്പും സ്ഥാപിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ട്. കുടിവെള്ള പദ്ധതി പ്രവർത്തന സജ്ജമാണ്. (നേരത്തെയുള്ള 15 എച്ച്.പി. മോട്ടോർ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്).

പ്രവർത്തനക്ഷമമല്ലാത്ത രണ്ടാമത്തെ പദ്ധതി പൂലോട് ജലസേചന പദ്ധതിയാണ്. പദ്ധതി പ്രദേശത്ത് കിണർ, പമ്പ് ഹൗസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ഇല്ല. പമ്പ് ഹൗസ് പൂട്ടിയിട്ടിരിക്കുന്നതിനാൽ മോട്ടോർ കാണാൻ സാധിച്ചില്ല. കിണറ്റിലേയ്ക്ക് സക്ഷൻ പൈപ്പ് സ്ഥാപിച്ചിട്ടില്ല. വിതരണ പൈപ്പ് പലയിടത്തും പൊട്ടി നശിച്ചതായി നാട്ടുകാർ അറിയിച്ചു. പദ്ധതി പ്രവർത്തനക്ഷമമല്ല.

**4-12-2013-ലെ സമിതിയോഗ തീരുമാനം**

3.17.7 കട്ടിപ്പാറ ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനക്ഷമമാണെന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3.17.8 പൂലോട് ജലസേചന പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും പദ്ധതി പ്രവർത്തനക്ഷമമാക്കാത്തതിനുള്ള കാരണമെന്താണെന്നും പദ്ധതി പ്രവർത്തനക്ഷമമാക്കാത്തതിലൂടെ സർക്കാരിനുണ്ടായ നഷ്ടത്തിനുത്തരവാദികൾ ആരൊക്കെയാണെന്നും ആയതിന്മേൽ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടിയെന്താണെന്നതും സംബന്ധിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനും അതോടൊപ്പം പദ്ധതി സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കാൻ സമിതി തീരുമാനിച്ചു.

**4-12-2013-ലെ സമിതിയോഗ നിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി**

3.17.9 2005 മുതൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് പുതുതായി കട്ടിപ്പാറ എന്ന പേരിൽ പഞ്ചായത്ത് രൂപീകരിച്ചിരുന്നു. ഓഡിറ്റ് കാലയളവിൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിലായിരുന്ന പൂലോട് ജലസേചന പദ്ധതി ഇപ്പോൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലാണുള്ളത്. കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രാദേശികമായി നടത്തിയ അന്വേഷണത്തിൽ പൂലോട് ജലസേചന പദ്ധതി കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന, ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും 64 കുടുംബങ്ങൾക്ക് പദ്ധതിയിൻമേൽ കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ജലനിധി പദ്ധതിയിന്മേൽ കുടിവെള്ള പദ്ധതിയുടെ പേര് കണ്ടൻകുന്ന് ശുദ്ധജല വിതരണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പൂലോട് ജലസേചന പദ്ധതി വിജയകരമായി പൂർത്തീകരിച്ച 64 കുടുംബങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനാലാണ് നഷ്ടം വരുത്തിയവർക്കെതിരെ നടപടി എടുക്കേണ്ട സാഹചര്യം ഉണ്ടാകാത്തത് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.17.10 2005 മുതൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് പുതുതായി കട്ടിപ്പാറ എന്ന പേരിൽ ഗ്രാമപഞ്ചായത്ത് രൂപീകരിച്ചു. ഓഡിറ്റ് കാലയളവിൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിലായിരുന്ന പൂലോട് ജലസേചന പദ്ധതി ഇപ്പോൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലാണുള്ളത്. 17-12-2020-ന് താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ശ്രീ. വിനോദൻ എൻ, ജൂനിയർ സൂപ്രണ്ടുമൊത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽപ്പറഞ്ഞ പൂലോട് ജലസേചന പദ്ധതി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതായും നിരവധി കുടുംബങ്ങൾക്ക് നിലവിൽ കുടിവെള്ളം ലഭ്യമാക്കുന്നതായും നേരിൽ ബോധ്യപ്പെട്ടു. താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ നിലവിൽ ഈ കുടിവെള്ള/ ജലസേചന പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ലാത്ത തിനാൽ ഈ കുടിവെള്ള ജലസേചന പദ്ധതിയുടെ പൂർത്തീകരണം, ഗുണഭോക്താക്കളുടെ വിവരം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും പ്രദേശവാസികളോട് നേരിട്ട് അന്വേഷിച്ചതിൽ പൂലോട് ജലസേചന പദ്ധതിയുടെ അതേ ഗുണഭോക്താക്കൾക്കാണ് ഇപ്പോൾ ജലനിധി പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിച്ച കണൽകുന്ന് ശുദ്ധജല വിതരണ പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാക്കുന്നത് എന്ന് ബോധ്യപ്പെട്ടു. പൂലോട് ജലസേചന പദ്ധതിക്കായി കുഴിച്ച കിണറിൽ ജല ലഭ്യത കുറവായതിനാൽ സമീപത്തായി ജലനിധി പദ്ധതിയിൽപ്പെടുത്തി മറ്റൊരു കിണർ കുഴിക്കുകയായിരുന്നു. ഈ രണ്ട് പദ്ധതികളുടെയും വിതരണക്കുഴൽ, ടാങ്ക് എന്നിവ ഒന്നുതന്നെ ആണെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

**ഖണ്ഡിക നമ്പർ 124**

<u>ശിപാർശ</u>

3.18.1 പ്രസ്തുത പണിയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ പഞ്ചായത്ത് സെക്രട്ടറിക്കും ഫയലുകൾ പരിശോധിച്ചും ഭൗതിക പരിശോധന നടത്തിയും വിശദമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും സമിതി നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയിട്ടില്ല.

**സർക്കാർ സ്വീകരിച്ച നടപടി**

3.18.2 പ്രസ്തുത പണിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം എൽ.എഫ്.പി.5/407/03 തീയതി 29-4-2003 പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.18.3 ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് കാരാടി കുടുക്കിൽ റോഡ് റീ-ടാറിംഗ് എന്ന പ്രവൃത്തിയിൽ 68,970 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന ഓഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിരുന്നു. സമിതിക്ക് ഇത് റീ-ഓപ്പൺ ചെയ്യാമായിരുന്നു എന്ന് അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയറോട് പറഞ്ഞേക്കണമെന്നും ഒരു ഫിസിക്കൽ വെരിഫിക്കേഷൻ കൂടി നടത്തിയിട്ട് ഇത് ക്ലോസ് ചെയ്യാമെന്നും ബന്ധപ്പെട്ട ഫയലുകളെല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ഏൽപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ഇതുവരെ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

**8-12-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം**

3.18.4 താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് ചെയ്ത കാരാടി-കുടുക്കിൽ റോഡ് റീടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

**8-12-2009-ലെ യോഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച മറുപടി**

3.18.5 കാരാടി കുടുക്കിൽ റോഡ് റീ-ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ നാളിതുവരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**4-12-2013-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**

3.18.6 കാരാടി കുടുക്കിൽ റോഡ് റീ-ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് നൽകി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം ഫയലുകൾ ഇതുവരെ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.

**4-12-2013-ലെ യോഗനിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി**

3.18.7 താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 1998-99 വർഷത്തിൽ ഉപാധിരഹിത ഫണ്ടുപയോഗിച്ച് കാരാടി-കുടുക്കിൽ റോഡ് റീ-ടാറിംഗുമായി ബന്ധപ്പെട്ട ഫയലുകൾ കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 39 പ്രകാരമുള്ള മേൽ പരാമർശം പദ്ധതി നടപ്പിലാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29-4-2003-ലെ എൽ.എഫ്.പി5/407/03 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. മേൽ സാഹചര്യത്തിൽ രേഖകൾ ഹാജരാക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ശിപാർശ ഒഴിവാക്കണമെന്നഭ്യർത്ഥിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.18.8 ഉപാധിരഹിത ഫണ്ടുപയോഗിച്ച് കാരാടി-കുടുക്കിൽ റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയിൽ 68,970 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന ഓഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിരുന്നു. സമിതിക്ക് ഇത് റീ-ഓപ്പൺ ചെയ്യാമെന്നും ഒരു ഭൗതിക പരിശോധന കൂടി നടത്തിയിട്ട് ഇതിന് തീർപ്പ് കല്പിക്കാമെന്നും ബന്ധപ്പെട്ട ഫയലുകളെല്ലാം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ ഏല്പിക്കണമെന്നും സമിതി നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രാദേശിക പരിശോധന നടത്തിയെങ്കിലും ആവശ്യമായ മുഴുവൻ ഫയലുകളും ലഭിക്കാത്തതിനാലാണ് യഥാസമയം റിപ്പോർട്ട് സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും പിന്നീട് ഫയലുകൾ ലഭ്യമായതിനെത്തുടർന്ന് 12-11-2007-ൽ പ്രാദേശിക പരിശോധന നടത്തി മെറ്റൽ ഉൾപ്പെടെ ആയതിന് മൊത്തം 101.2 എം3 മെറ്റൽ (31.68 + 69.52) ആവശ്യമാണ്. മേൽ സാഹചര്യത്തിൽ അധിക തുക ചെലവഴിച്ചിട്ടില്ല എന്ന് അറിയിക്കുന്നു. റോഡ് നേരിൽ പരിശോധിച്ചതിൽ വാഹന ഗതാഗത യോഗ്യമായ രീതിയിൽ പ്രവൃത്തികൾ ചെയ്തിട്ടുള്ളതായും നിലവിൽ റോഡ് പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ചതായും ഗ്രാമപഞ്ചായത്ത് പ്രാദേശിക പരിശോധനാവേളയിൽ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 125**

ശിപാർശ

3.19.1 ആയതിനാൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തിൽ ഉപാധിരഹിത ഫണ്ടുപയോഗിച്ച് കാരാടി-കുടുക്കിൽ റോഡ് റീ-ടാറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പരിശോധിച്ചും ഭൗതിക പരിശോധനയും നടത്തി വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.19.2 താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 12-11-2007-ന് പ്രാദേശിക പരിശോധന നടത്തി റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 97-എ എന്ന അളവുപുസ്തകം പരിശോധിച്ചതിൽ ഫൈനൽ ബിൽ രേഖപ്പെടുത്തിയ അളവുപുസ്തകം ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ അളവു പുസ്തകം പേജ് 22 പ്രകാരം ഒന്നാം ഘട്ട പ്രവൃത്തിയിൽ 839.50 എം2 മെറ്റലിംഗ് കൂടി നടത്തിയിട്ടുണ്ട്. ഇതിന് 83.95 എം3 മെറ്റൽ ആവശ്യമാണ്. 87.10 എം2 പ്രവൃത്തിക്ക് പുറമേ 839.5 എം2 പ്രവൃത്തിയും ചെയ്തതിനാൽ സംഭരിച്ച 171.05 എം3 36 എം.എം. മെറ്റലും റോഡ് പ്രവൃത്തിക്ക് ഉപയോഗിച്ചതായും ആയതിനാൽ അധിക തുക നൽകിയിട്ടില്ലെന്നും പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടതായി അറിയിക്കുന്നു. മേൽ പ്രവൃത്തിയിലെ 839.50 എം2 മെറ്റലിംഗിന് പണം നൽകിയത് കണക്കിലെടുത്താൽ രണ്ട് തവണ തുക നൽകിയെന്ന് പറയാനാവില്ല. മേൽ പ്രവൃത്തിയിൽ ഇനം 2 പ്രകാരം കരിങ്കല്ലുപയോഗിച്ചുള്ള പ്രവൃത്തിയെ സംബന്ധിച്ച രേഖകൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ അധികം ചെയ്ത പ്രവൃത്തിയുടെ ആവശ്യകത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ട പ്രവൃത്തിയിൽ 36 എം.എം. മെറ്റൽ 110.2 എം3 സംഭരിച്ചു. എം. ബുക്ക് 97 എ പേജ് 27 പ്രകാരം 316.80 എം2 മെറ്റലിംഗ് പ്രവൃത്തികൂടി നടത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ച 69.52 എം3 മെറ്റൽ ഉൾപ്പെടെ ആയതിന് മൊത്തം 101.2 എം3 മെറ്റൽ (31.68+69.52) ആവശ്യമാണ്. മേൽ സാഹചര്യത്തിൽ അധിക തുക ചെലവഴിച്ചിട്ടില്ല എന്ന് അറിയിക്കുന്നു.

റോഡ് നേരിൽ പരിശോധിച്ചതിൽ വാഹന ഗതാഗത യോഗ്യമായ രീതിയിൽ പ്രവൃത്തികൾ ചെയ്തിട്ടുള്ളതായും നിലവിൽ റോഡ് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചതായും ഗ്രാമപഞ്ചായത്ത് പ്രാദേശിക പരിശോധനാവേളയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 126**

<u>ശിപാർശ</u>

3.20.1 റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടി ആയതും സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.20.2 നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രാദേശിക പരിശോധന നടത്തിയെങ്കിലും ആവശ്യമായ മുഴുവൻ ഫയലുകളും ലഭിക്കാത്തതിനാലാണ് യഥാസമയം റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിയാതിരുന്നതെന്നും പിന്നീട് ഫയലുകൾ ലഭ്യമായതിനെ തുടർന്ന് പരിശോധനാ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ

മുഖാന്തരം നിയമസഭാ സമിതിയ്ക്ക് 18-2-2008-ന് ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിക്കുന്നു. മേൽ സാഹചര്യത്തിൽ നിയമസഭാ സമിതിയുടെ നിർദ്ദേശം അവഗണിച്ചിട്ടില്ലെന്നും രേഖകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിലുള്ള കാലതാമസം മൂലമാണ് റിപ്പോർട്ട് സമർപ്പിച്ചതിലെ കാലതാമസം ഉണ്ടായത് എന്നതും പരിഗണിച്ച് മാപ്പാക്കി പരാമർശം ഒഴിവാക്കി തരണമെന്നും അപേക്ഷിക്കുന്നു.

**ഖണ്ഡിക നമ്പർ 130**

ശിപാർശ

3.21.1 1999-ൽ തുടങ്ങി 2003-04 വരെ തുടരുകയും ചെയ്ത പദ്ധതിക്ക് 31-3-2006-ൽ വൈദ്യുതി കണക്ഷൻ ലഭിക്കുമെന്നും പദ്ധതി പ്രവർത്തനം തുടങ്ങി ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് സെക്രട്ടറി അറിയിച്ചതെന്നാണ് ലോക്കൽ ഫണ്ട് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനം തുടങ്ങാൻ ഇത്രയും കാലതാമസം നേരിട്ടത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.21.2 1999-ൽ തുടങ്ങിയ ഉമ്മത്തൂർ ജലസേചന പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, വാട്ടർ ടാങ്ക്, പൈപ്പ് ഫിറ്റിംഗ് എന്നിവ പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലുണ്ടായ കാലതാമസമാണ് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതെന്നുള്ള വിവരം സമർപ്പിക്കുന്നു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.21.3 വൈദ്യുതി കണക്ഷൻ ലഭിക്കാത്തതാണ് പദ്ധതി കാലതാമസത്തിന് കാരണം. ഇപ്പോൾ പദ്ധതി പ്രവർത്തനക്ഷമമാണ്.

**ഖണ്ഡിക നമ്പർ 131**

ശിപാർശ

3.22.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിലൂടെ നടത്തിപ്പ് ചെലവിൽ വർദ്ധനവ് വരുന്നത് വഴി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക നഷ്ടവും നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായും സാമ്പത്തികമിതത്വം പാലിച്ചും പൂർത്തിയാക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.22.2 പദ്ധതി നടത്തിപ്പുകൾ സംബന്ധിച്ച വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 27-6-2008-ലെ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ ശിപാർശ അംഗീകരിച്ച് 3-8-2008-ന് സ.ഉ. (സാധാ.) നമ്പർ 1625/2008/ ത.സ്വ.ഭ.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 132**

<u>ശിപാർശ</u>

3.23.1 ഓഡിറ്റിൽ പരാമർശിക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.23.2 ഉമ്മത്തൂർ ജലസേചന പദ്ധതിക്ക് 2007 ജൂൺ മാസത്തിൽ കൺസ്യൂമർ നമ്പർ 26278 പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.23.3 ഉമ്മത്തൂർ ജലസേചന പദ്ധതി 1999-2000 വർഷത്തിൽ ആരംഭിക്കുകയും 2003-04 വർഷം വരെ തുടരുകയും ചെയ്തു. കിണർ, വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, പൈപ്പ് ഇടൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ ഇപ്പോൾ ലഭിച്ചിട്ടുണ്ട് (കൺസ്യൂമർ നമ്പർ 2676/3.04.2007). ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനക്ഷമമാണ്. മേൽ കാര്യങ്ങൾ ഫയലും പ്രവൃത്തി നടത്തിയ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 153**

<u>ശിപാർശ</u>

3.24.1 ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.24.2 എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അധികമായി കൈപ്പറ്റിയ തുകയായ 76,021 (എഴുപത്തിയാറായിരത്തി ഇരുപത്തിയൊന്ന്) രൂപ 18% പലിശ സഹിതം തിരിച്ചടയ്ക്കണ മെന്ന് കാണിച്ച് നമ്പർ 156/04 തീയതി 23-3-2007 പ്രകാരം കൺവീനർക്ക് നോട്ടീസ് നൽകി.

ഇതിൻപ്രകാരം കൺവീനർ അനധികൃതമായി കൈപ്പറ്റിയ 76,021 രൂപയും 8-5-2006 മുതൽ 10-4-2007 വരെയുള്ള 18%പലിശ 12,619 (പന്ത്രണ്ടായിരത്തി അറുന്നൂറ്റി പത്തൊമ്പത്) രൂപ ചേർത്ത് 10-4-2007-ന് ഈ ഓഫീസിൽ തിരിച്ചടയ്ക്കുകയും ആയത് രസീത് നമ്പർ 3, ബുക്ക് നമ്പർ 517/99 തീയതി 13-4-2007 പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിൽ അടച്ച് പ്രവൃത്തി ക്ലോസ് ചെയ്തു എന്ന വിവരം ബോധിപ്പിക്കുന്നു.

തുടർന്നുള്ള കെട്ടിടത്തിന്റെ പ്രവൃത്തികൾ 2007-08 വർഷത്തിൽ ടെണ്ടർ ചെയ്യുകയും കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിക്കുകയും 2008-09-ൽ നമ്പർ അനുവദിക്കുകയും ചെയ്തു എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.24.3 76,021 രൂപ 18% പലിശ സഹിതം 13-4-2007-ന് 517099/3-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടച്ചത് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ തുടർന്നുള്ള കെട്ടിടത്തിന്റെ പ്രവൃത്തികൾ 2007-08 വർഷത്തിൽ ടെണ്ടർ ചെയ്ത് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിച്ച് 2008-09-ൽ നമ്പർ നൽകിയതായി കാണുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021, ആഗസ്റ്റ് 10.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.8 | തദ്ദേശ സ്വയംഭരണം | പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ പരാമർശി ച്ചിരിക്കുന്ന കുട്ടോത്ത് ശുദ്ധജല പദ്ധതി, കൂവിൽ മീത്തൽ കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തനക്ഷമമായതിനാൽ അതിന്മേലുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം തിരുത്തോത്ത് മീത്തൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2. | 2.2.7 | തദ്ദേശ സ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ടി വിഷയത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം നൽകാത്തതിനുള്ള വിശദീകരണവും ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുന്നു. |
| 3 | 2.3.8 | തദ്ദേശ സ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയും ടി വിഷയത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം നൽകാത്തതിനുള്ള വിശദീകരണവും ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 2.4.8 | തദ്ദേശ സ്വയംഭരണം | യഥാർത്ഥ മൂല്യത്തിലുള്ള മുദ്രപ്പത്രം ഉപയോഗിക്കാത്തതിലൂടെയുണ്ടായ നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. രാഘവനുണ്ണിയിൽ നിന്നും തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | 2.4.9 | തദ്ദേശ സ്വയംഭരണം | മണൽ ലേലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | 2.4.10 | തദ്ദേശ സ്വയംഭരണം | പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധികവിവരം നാളിതുവരെ നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇതിന് ഉത്തരവാദികളായവരിൽ നിന്നും ആയതിനുള്ള വിശദീകരണം ആരാഞ്ഞ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 7 | 2.5.6 | തദ്ദേശ സ്വയംഭരണം | തിരുവമ്പാടി ബസ് സ്റ്റേഷൻ നിർമ്മാണത്തിനായി സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിൽ നിന്നും എടുത്ത വായ്പ തുക തിരിച്ചടയ്ക്കുന്നതിലും അനുബന്ധ രേഖകൾ സൂക്ഷിക്കുന്നതിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും, വായ്പ തിരിച്ചടയ്ക്കേണ്ടതിന്റെ പ്രാധാന്യം പഞ്ചായത്ത് കമ്മിറ്റിയിൽ ബോധ്യപ്പെടുത്തുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം വീഴ്ച ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 2.6.4 | തദ്ദേശ സ്വയംഭരണം | പ്രസ്തുത ശിപാർശ ഖണ്ഡികയിന്മേലുള്ള സർക്കാർ മറുപടിയും ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തെയും മുൻനിർത്തി നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.7.8 | തദ്ദേശ സ്വയംഭരണം | സർക്കാർ സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 2.8.4 | തദ്ദേശ സ്വയംഭരണം | സർക്കാർ സമർപ്പിച്ച മറുപടി അംഗീകരിച്ച സമിതി തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 11 | 2.9.4 | തദ്ദേശ സ്വയംഭരണം | സർക്കാർ സമർപ്പിച്ച മറുപടി അംഗീകരിച്ച സമിതി തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 12 | 2.10.7 | തദ്ദേശ സ്വയംഭരണം | പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമഗ്രമായ അന്വേഷണം നടത്തി രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും നഷ്ടതുക ഈടാക്കി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു. |